# ഭിന്നശേഷി അടയാളങ്ങൾ
# പ്രതിനിധാനവും നിർമ്മിതിയും

കേരള സർവ്വകലാശാലയിൽ ബി. എ. ബിരുദപഠനത്തിന്റെ ഭാഗമായി
സമർപ്പിക്കുന്ന പ്രബന്ധം

സമർപ്പിക്കുന്നത്


ഹരിപ്രിയ ജി 11521101020

**Course Code : ML1645**

**Examination Code : 11521601**



ബിഷപ്പ്മൂർ കോളേജ്

മാവേലിക്കര

(കേരള സർവ്വകലാശാല)


2024

# പ്രസ്താവന

ബിഷപ്പ് മൂർ കോളേജ് മലയാളവിഭാഗം ആറാംസെമസ്റ്റർ വിദ്യാർത്ഥിയായ ഹരി പ്രിയ ജി സമർപ്പിക്കുന്ന ഈ പ്രബന്ധം ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തു ല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമാക്കിയിട്ടില്ല എന്ന് പ്രസ്ഥാപി ക്കുന്നു.

ഹരിപ്രിയ ജി

# മലയാള വിഭാഗം

## ബിഷപ്പ്മൂർ കോളേജ്

## മാവേലിക്കര

### സാക്ഷ്യപത്രം

കേരള സർവ്വകലാശാല ബി. എ. ബിരുദപഠനത്തിന്റെ പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന **'ഭിന്നശേഷി അടയാളങ്ങൾ പ്രതിനിധാനവും നിർമ്മിതിയും'** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഈ പ്രബന്ധം കോളേജിലെ ആറാം സെമസ്റ്റർ ബി. എ. മലയാളം ഡിഗ്രി പ്രോഗ്രാം വിദ്യാർത്ഥിയായ **ഹരിപ്രിയ ജി (11521101020)** നടത്തിയ മൗലിക പഠനത്തിന്റെ രേഖയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

| | |
|---|---|
| ഡോ. സജിനി ദീന മാത്യു | ഡോ. സുധ മേരി തോമസ് |
| മലയാളവിഭാഗം മേധാവി | അസിസ്റ്റന്റ് പ്രൊഫസർ |
| മലയാളവിഭാഗം | മലയാളവിഭാഗം |
| ബിഷപ്പ്മൂർ കോളേജ് | ബിഷപ്പ്മൂർ കോളേജ് |
| മാവേലിക്കര | മാവേലിക്കര |

## ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| ആമുഖം | | 1 |
| അദ്ധ്യായം I : ഭിന്നശേഷി പഠനങ്ങൾ | | 3 |
| I.ക. | എന്താണ് ഭിന്നശേഷി പഠനം | 3 |
| ഖ. | ഭിന്നശേഷി സമൂഹം | 3 |
| ഗ. | സാമൂഹിക വെല്ലുവിളികൾ | 4 |
| ഘ. | ഭിന്നശേഷിവർഗ്ഗീകരണം | 6 |
| ഘ. ക. | വായനഭിന്നശേഷി | 7 |
| ഘ.ക.ക | ആർജ്ജിത വായന ഭിന്നശേഷി | 7 |
| ഘ.ക. ഖ. | സംവർധന വായനഭിന്നശേഷി | 7 |
| ഘ.ഖ. | ലേഖനഭിന്നശേഷി | 7 |
| ഘ.ഖ.ക | ചലനസംബന്ധിയായ ലേഖനഭിന്നശേഷി ഭിന്നശേഷി | 8 |
| ഘ.ഖ.ഖ | ഭാഷസംബന്ധിയായ ലേഖനഭിന്നശേഷി ഭിന്നശേഷി | 8 |
| ഘ.ഗ. | ഗണിതഭിന്നശേഷി | 8 |
| ങ. | ശാരീരികമായ വൈകല്ല്യങ്ങൾ | 9 |
| ങ. ക. | ഇന്ദ്രീയ സംബന്ധിയായ വൈകല്യങ്ങൾ | 9 |
| ങ. ഖ. | കാഴ്ചയുമായി ബന്ധപ്പെട്ടവ | 9 |
| ച. | ഭിന്നശേഷിക്കാർ പങ്കാളിത്തവും അവസരസമത്വവും | 10 |
| **അദ്ധ്യായം II : ഭിന്നശേഷി പഠനം നവസമീപനങ്ങളും സിദ്ധാന്തങ്ങളും** | | **11** |
| II ക. | ഭിന്നശേഷി വ്യത്യസ്ത സമീപനങ്ങൾ | 11 |
| ഖ. | ശരീരം / ഭിന്നശേഷി | 13 |
| ഗ. | സാമ്പത്തികമായ ഭിന്നശേഷി | 14 |
| ഘ. | ഭിന്നശേഷിയുടെ സാമൂഹികാവസ്ഥ | 14 |
| ങ. | ഭിന്നശേഷി സംസ്കാരം | 15 |
| ച. | UNCRPD ( UN Convention on the Rights of Persons with Disabilities) | 16 |
| ഛ. | ഡിസെബിലിറ്റി പഠനങ്ങൾ | 17 |
| **അദ്ധ്യായം III : ഭിന്നശേഷി അടയാളങ്ങൾ മലയാള സാഹിത്യത്തിൽ** | | **19** |
| III ക. | അധികാരവും സമൂഹവും ഭിന്നശേഷി പദങ്ങളിൽ | 20 |

| | | |
|---|---|---|
| ഖ. | ഭിന്നശേഷി ചരിത്രവും പദങ്ങളിലെ അധികാര നിർമ്മിതിയും | 21 |
| ഗ. | ശാരീരികഭിന്നതയുടെ സാമൂഹ്യ നിർമ്മിതി ഒരു ലഘുവിശകലനം | 21 |
| ഘ. | ശേഷി അധീശത്വം | 22 |
| ങ | മലയാളനോവലും ഭിന്നശേഷിയും | 23 |
| ങ.ക. | ശാരീരിക ഭിന്നശേഷി | 24 |
| ങ ഖ. | ബൗദ്ധികഭിന്നശേഷി | 24 |
| ങ ഗ. | ബഹുമുഖ്യഭിന്നശേഷി | 24 |
| ച. | ഭിന്നശേഷി യുടെ അടയാളങ്ങൾ മലയാള നോവലിൽ | 25 |

**ഉപസംഹാരം** **29**

**ഗ്രന്ഥസൂചി** **32**

# ആമുഖം

ലോകത്ത് പലകാലങ്ങളിലും മനുഷ്യരായി പരിഗണിക്കപ്പെടാതിരുന്ന സാമൂഹ്യ വിഭാഗങ്ങൾ ഉണ്ടായിരുന്നു. മനുഷ്യപദവിയിൽ നിന്നകറ്റപ്പെട്ടിരുന്നവരുടെ കൂട്ടത്തിൽ സ്ത്രീകൾ അടിമകൾ കറുത്തവർ ദലിതർ, ഡിസെബിൾഡ്, വ്യക്തികൾ എന്നിവരുൾപ്പെടുന്നു. അടുത്ത കാലത്തു മാത്രം മനുഷ്യഗണത്തിൽ പരിഗണിക്കപ്പെട്ടവരാണ് ഇവർ മൃഗങ്ങളുമായുള്ള വിരുദ്ധ സാദൃശ്യത്തിലൂടെ നിർവചിക്കപ്പെട്ട ഗണമായിരുന്നു മനുഷ്യൻ എന്നത് അതുകൊണ്ട് തന്നെ മനുഷ്യഗണത്തിൽ നിന്നൊഴിവാക്കപ്പെട്ട കാലത്ത് അവർ മൃഗങ്ങൾ മാത്രമായിരുന്നു. എല്ലാ മനുഷ്യരും ഉൾപ്പെടുന്ന ഗണമായി മനുഷ്യനെ നിർവചിച്ചത് ഇത് തുല്യതയുടെ രാഷ്ട്രീയമാണ് പൂർണതയെന്ന ആശയവാദകല്പനയിൽ ഹിംസയും അന്യവൽക്കരണത്വരയും മുന്നിട്ടു നിൽക്കുന്നു ആയിതീരലിനെ നിഷേധിക്കുന്ന തത്വ ചിന്തയാണത്. അസ്തിത്വത്തിനു മുമ്പേവാദപരമായ പൂർണതാസങ്കൽപ്പങ്ങൾ ജീവിതത്തിന്റെ സകല വ്യവഹാരങ്ങളിലേക്കും കടന്നു വന്നിട്ടുണ്ട് നിരവധി പൂർണതകളും അവിടെ സങ്കൽപ്പിക്കപ്പെട്ടു സമ്പൂർണജ്ഞാനം സമ്പൂർണശരീരം, എന്നിങ്ങനെ പൂർണതയെക്കുറിച്ചുള്ള സങ്കല്പങ്ങളിൽ ഏകവും ഏകകവുമായാണ് പൂർണത സങ്കല്പിക്കപ്പെടുന്നത്. അതിന്റെ അളവുകളിൽ അംശങ്ങൾ ഹരിച്ചു നീക്കപ്പെടുന്നു പരമാധികാരവും പരമ ശക്തിയും പരമസൗന്ദര്യവും പരമാർത്ഥവുമായി അതു ഭിന്നതകളെ നിരാകരിക്കുകയും അപരങ്ങളാക്കി അന്യവൽക്കരിക്കുകയും ചെയ്യുന്നു.

## പഠനപ്രസക്തി

ഭിന്നശേഷി സാഹിത്യം എന്ന ജനുസ്സിനെക്കുറിച്ചുള്ള ആലോചനകൾ ശക്തമാണിന്ന്. ഡിസെബിലിറ്റി എന്ന ജീവിതാനുഭവം പൊതുസമൂഹത്തിൽ പങ്കെവെയ്ക്കേണ്ടതുണ്ട് സാഹിത്യ കലാവിഷ്കാരങ്ങളിലെ പ്രതിനിധാനങ്ങളെ പൊളിച്ചെഴുതികൊണ്ടാണ് പാർശ്വവൽകൃതസമൂഹങ്ങൾ മുന്നോട്ടു വന്നിട്ടുള്ളത്. സ്ത്രീകൾ ദലിതർ കറുത്തവർ എന്നീ സമൂഹ്യ വിഭാഗങ്ങൾക്ക് അത്തരമൊരു പോരാട്ട പാരമ്പര്യമുണ്ട്. വർണവംശ ലിംഗ മേധാവിത്വപരമായ ആഖ്യാനങ്ങളെ തുറന്നുകാട്ടുകയും എതിർക്കുകയും പ്രതിരോധ ആഖ്യനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു കൊണ്ടാണ് ചരിത്രത്തിലവർ ദൃശ്യത നേടിയത്. രാഷ്ട്രീമായ പോരാട്ടത്തോടൊപ്പമുള്ള സാംസ്കാരിക പ്രതിരോധം അതിനാൽ പ്രധാനമാണ്.

ഡിസെബിലിറ്റി എന്നത് വിവേചനങ്ങൾക്കെതിരായ ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയർത്ഥത്താൽ പ്രതിരോധപരമായ പദമാണ് അതുകൊണ്ട് വിശാലമായ അർത്ഥത്തിൽ

ഡിസെബലിറ്റി എന്ന ജിവിതാവസ്ഥയുടെയും വ്യക്തികളുടെയും ആവിഷ്കാരങ്ങൾ കല യിലും സാഹിത്യത്തിലും സവിശേഷമായി രൂപപെടേണ്ടതുണ്ട്.

ഭിന്നശേഷിക്കാർ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരാണെങ്കിലും ഭൂരിഭാഗവും സാമൂഹിക സാംസ്കാരിക സംവാദമണ്ഡലങ്ങളിൽ ഉന്നതനിലയിൽ ഇടപെടുന്നവരാണ് മനുഷ്യമനസുകളിൽ രൂപപ്പെടുന്നത്. ചിന്തകളുംസർഗ്ഗാത്മകശേഷികളും അല്പം പോലും കുറവില്ലാത്ത തരത്തിൽ ഭിന്നശേഷിക്കാർക്കുമുണ്ടെന്നുള്ള യാഥാർത്ഥ്യമുൾക്കൊണ്ടാകണം സാഹിത്യ സാംസ്കാരിക ആവിഷ്കാരങ്ങൾ നിർവഹിക്കേണ്ടത്. നമ്മുടെ സാംസ്കാരിക വളർച്ചയിൽ ഒഴിവാക്കാൻ കഴിയാത്ത ഒരു വിഭാഗമാണ് ഭിന്നശേഷിക്കാർ. ഏതൊരു നാടിന്റെയും സാംസ്കാരിക ആവിഷ്കാരങ്ങൾ നിർവഹിക്കേണ്ടത് നമ്മുടെ സാംസ്കാരിക വളർച്ചയിൽ ഒഴിവാക്കാൻ കഴിയാത്ത ഒരുവിഭാഗമാണ് ഭിന്നശേഷിക്കാർ ഏതൊരു നാടിന്റെയും സാംസ്കാരികോന്നതിസൂചികയിൽ ഭിന്നശേഷിക്കാരുടെ അഭിവൃദ്ധിയും പ്രധാനമാണ്. വ്യത്യസ്ത മേഖലകളിൽ ഭിന്നശേഷിക്കാരുടെ ഉൾച്ചേരലും ഉൾചേർക്കലും ഇടപെടലും എന്തത്തോളമെന്ന പരിശോധന ഈ സാഹചര്യത്തിൽ പ്രസക്തമാകുന്നു.

## രീതിശാസ്ത്രം

പ്രാന്തവൽക്കരണ പഠനങ്ങൾ എന്ന വലിയ ജ്ഞാനമേഖലയുടെ ഭാഗമായി വികസിച്ചു വന്ന ഭിന്നശേഷിപഠനങ്ങളുടെ ചരിത്രപരവും തത്വചിന്താപരവുമായ മാനങ്ങളെ അവലോകനം ചെയ്യുന്നു. ലോകത്തെ ഏറ്റവും വലിയ ന്യൂനപക്ഷ സമൂഹമെന്ന നിലയിൽ ഭിന്നശേഷി വിഭാഗം സാമൂഹികവും സാംസ്കാരികവുമായ അംഗീകാരം നേടിയെടുക്കുന്നതിന്റെ ചരിത്രത്തോടൊപ്പം ഭിന്നശേഷി പഠനങ്ങളുടെ വിപുലമായ ലോകത്തെയും വൈവിദ്യത്തെയും വിശകലന വിധേയമാക്കുകയും കൂടിയാണ് ഇത്തരം പഠനങ്ങൾ. അടിസ്ഥാനപരമായി ഭിന്നശേഷിയെക്കുറിച്ചുള്ള വിചാരങ്ങൾ സാമൂഹികനീതിയുമായി ബന്ധപ്പെട്ട വ്യവഹാരമാണ്.

# അദ്ധ്യായം I

# ഭിന്നശേഷിപഠനങ്ങൾ

## I. ക. എന്താണ് ഭിന്നശേഷിപഠനം

സമൂഹത്തിൽ ലിംഗ, വർഗ, വംശ ലൈംഗികമായി രൂപപ്പെടുത്തുന്ന അവഗണനയും മാറ്റിനിർത്തലുകളും നിർമ്മിക്കുന്ന മുനുഷ്യനുഭവങ്ങൾക്കു പിന്നിലെ താല്പര്യങ്ങളും കാരണങ്ങളും അന്വേഷിച്ചാതാണ് പ്രന്തവല്ക്കരണപഠനങ്ങൾ എന്ന വലിയ സൈദ്ധാന്തികമേഖല രൂപമെടുക്കുന്നതിനു കാരണമായത് മനുഷ്യസമൂഹത്തെക്കുറിച്ചുള്ള അന്വേഷണങ്ങളെ സമൂഹത്തിന്റെ കേന്ദ്രത്തിൽ നിന്ന് മാറ്റി വികേന്ദ്രീകരിക്കുകയാണ് ഈ സിദ്ധാന്തങ്ങൾ ചെയ്തത്. സാമൂഹിക പ്രക്രിയയുടെ രൂപവും സ്വാഭാവവും വിശദീകരിക്കാൻ സ്ത്രീവാദപഠനങ്ങൾ, കീഴാളപഠനങ്ങൾ, വംശീയപഠനങ്ങൾ, ദലിത്പഠനങ്ങൾ, ലിംഗപദവിപഠനങ്ങൾ, ന്യൂനപക്ഷപഠനങ്ങൾ, പ്രവാസപഠനങ്ങൾ, ജനപ്രിയപഠനങ്ങൾ തുടങ്ങി നിരവധി വൈജ്ഞാനികശാഖകൾ രൂപമെടുത്തു ഓരോന്നും സാമൂഹിക പ്രക്രിയയുടെ പ്രത്യേകമായ ഉൾപ്പിരിവുകളിലേക്കും വേർതിരിവുകളിലേക്കുമാണ് അന്വേഷണം വ്യാപിപ്പിക്കുന്നത് സാഹിത്യം സിനിമപോലുള്ള സാംസ്കാരിക രൂപങ്ങളുടെ വിശകലനരീതികൾ, സോഷ്യോളജി, ഫിലോസഫിചരിത്രം, നരവംശശാസ്ത്രം, മനോവിജ്ഞാനീയം, ശാസ്ത്രവിഷങ്ങൾ തുടങ്ങി പലതരത്തിലുള്ള സൈദ്ധാന്തിക തലങ്ങളുൾക്കൊള്ളുന്ന ഈ പഠനങ്ങളുടെ പ്രധാന സവിശേഷതകളിലെന്ന് അന്തർവൈജ്ഞാനികത (Inter disiciplinasity) യാണ് ഇവയിൽ ഏറ്റവും സമീപകാലത്തുണ്ടായ വൈജ്ഞാനിക ശാഖയാണ് ഭിന്നശേഷി പഠനങ്ങൾ.

## ഖ. ഭിന്നശേഷിസമൂഹം

ലോകമെമ്പാടും കോടിക്കണക്കിന് മനുഷ്യരാണ് ഏറ്റവും വലിയ ന്യൂനപക്ഷവിഭാമെന്ന വിശേഷിപ്പിക്കാവുന്ന ഈ വിഭാഗത്തിലുള്ളത് ആദ്യം മുതൽ തന്നെ മനുഷ്യസംസ്കാരത്തിന്റെ സമഗ്രമായ ജിവിതാനുഭവങ്ങളിൽ ഭിന്നശേഷിയും

ഉൾപ്പെടുന്നുണ്ട് സാമൂഹികമായും സാംസ്കാരികമായും രൂപമെടുക്കുന്ന വ്യത്യാസങ്ങളാൽ വേർതിരിക്കുന്നവരിൽ ഉല്പാദനക്ഷമത കുറഞ്ഞവരെന്ന വിലാസമാണ് ശാരീരികവും മാനസികവും ബുദ്ധിപരവുമായ ഇത്തരം ഭിന്നശേഷിവിഭാഗത്തിലുള്ളത് അന്ധത, ബധിരത, ചലനവുമായും മറ്റും ബന്ധപ്പെട്ട വെല്ലുവിളികൾ നേരിടുന്നവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെ അഞ്ചു വിഭാഗമായി 1986 ൽ കേന്ദ്രസർക്കാർ ഭിന്നശേഷി സമൂഹത്തിന് അംഗീകാരം നൽകി ആ വർഷമാണ് റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ഒരു സൊസൈറ്റിയായി ഔദ്യോഗികമായി രജിസ്റ്റർ ചെയ്യപ്പെട്ടത്.

1995 ലെ Persons with Disabilities Act വിദ്യാഭ്യാസം, തൊഴിൽ മാനവവിഭവശേഷി വികസനം തുടങ്ങിയവയിൽ തുല്യാ അവസരത്തിൽ ജിവിക്കാനാവശ്യമുള്ള സാമൂഹികാന്തരീക്ഷം സൃഷ്ടിക്കാനുള്ള സാമൂഹികമാറ്റത്തിനു വേണ്ടിയും ആഹ്വാനംചെയ്യുകയും തൊഴിലില്ലായ്മ വേതനം മറ്റു പ്രത്യേക ഇൻഷുറൻസ് സുരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തുകയും ചെയ്തു പിൽക്കാലത്ത് ഉയരം കുറഞ്ഞവർ ത്വക്ക് രോഗികൾ കാൻസർ തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർ എല്ലാം ഈ വിഭാഗത്തിൽ എത്തി. ഭിന്നശേഷി സമൂഹത്തിന്റെ അന്തസ്സും പദവിയും നിലനിർത്തുന്ന ചോദ്യങ്ങൾ ഉയർന്ന പ്രധാനപ്പെട്ട പൗരൻമാരായി കണക്കാക്കപ്പെട്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് അച്ചടി, ഓഡിയോ, വീഡിയോ, ബോധവൽക്കരണം രാജ്യമെമ്പാടും നടന്നു. ഗവൺമെന്റിന്റെ നയരൂപീകരണങ്ങളിൽ ഈ കണക്കുകൾക്കുള്ള പങ്ക് ബോധ്യപ്പെടുത്താനാണ് ഈ ശ്രമമത്രയും നടന്നത് ഏതായാലും 1932-1980 വരെയുള്ള കാലം ഭിന്നശേഷിയെക്കുറിച്ചുള്ള അറിവുകളുടെ ഇരുണ്ടകാലം ആയിരുന്നു.

## ഗ. സാമൂഹിക വെല്ലുവിളികൾ

സാമൂഹികമായും സാംസ്കാരികമായും രൂപമെടുക്കുന്ന വ്യത്യാസങ്ങളാൽ വേർതിരിക്കുന്നവരിൽ ഉല്പാദനക്ഷമത കുറഞ്ഞവരെന്ന വിലാസമാണ് ശാരീരകവും മാനസികവും ബുദ്ധിപരവുമായ വെല്ലുവിളികളനുഭവിക്കുന്ന ഭിന്നശേഷി (Person with disabilities) വിഭാഗത്തിനുള്ളത്. ഇവിടെ ഉല്പാദനക്ഷമത ശരീരംകൊണ്ടുള്ള അധ്വാനവുമായി ബന്ധപ്പെട്ടതാണ് ഒരു സാധാരണവ്യക്തിക്ക് ജീവിതത്തിലെ ഏത് ഘട്ടത്തിലും ഭിന്നശേഷികർതൃത്വം കൈവരാം മനുഷ്യശരീരത്തിൽ നിറത്തിലൊ ശാരീരികാംഗങ്ങൾക്ക് സംഭവിക്കുന്ന വ്യത്യസ്തതകൾ ഭിന്നശേഷി സമൂഹത്തെ മാറ്റിനിർത്താൻ കാരണമായിഭവിക്കുന്നു. മനുഷ്യശരീരത്തിനും അതിന്റെ പ്രവർത്തരീതികൾക്കും പൊതുസമൂഹത്തിൽ രൂപമെടുത്ത നിർവചനങ്ങൾ ഇതിനു

പിന്നിൽ പ്രവർത്തിക്കുന്നു. ജനിതകഘടനയിലെ വ്യതിയാനങ്ങളോ അപകടമോ മറ്റെന്തെങ്കിലും അസുഖങ്ങളോ ശാരീരികഭിന്നശേഷിക്ക് കാരണമാകാം. ജാതി, മത പരിഗണനകളോ അപകടമോ സാമ്പത്തികശേഷിയോ ഈ വേർതിരിവിന് പരിഹാരമാകുന്നില്ല. ജിവിതം മുഖ്യധാരയിൽ പ്രബലസമൂഹത്തിനുള്ളിലായാലും സാമൂഹിക നീതി സമത്വം എന്നിവ ഭിന്നശേഷി വ്യക്തികൾക്ക് നിഷേധിക്കപ്പെടുന്നു.

സാമൂഹിക വേർതിരിവുകൾക്ക് കാരണമാകുന്ന സാമ്പത്തിക വർഗ്ഗ, വംശ, ഭാഷാ, ലിംഗ ലൈംഗികഘടകങ്ങളിൽ ഉൾപ്പെട്ട ഭിന്നശേഷി വിഭാഗത്തിലെ വ്യക്തി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഭിന്നശേഷി ഒരു സാമൂഹിക നിർമ്മിതിയാണ് അതനുഭവിക്കുകയാണ് ചെയ്യുന്നത് എന്നാണ് സാമൂഹിക മാതൃകയിലെ പഠനങ്ങൾ വെളിപ്പെടുത്തുന്നത്. വിക്ക് അല്ല വിക്കനാണ് എന്ന പേരിലുള്ള സഹതാപവും അവഗണനയും നാണക്കേടുമാണ് സാമൂഹികോല്പാദനപ്രക്യയയിൽ പങ്കാളിയാക്കുന്നതിൽ തടസ്സം നിൽക്കുന്നത് അതായത് ശാരീരിക വെല്ലുവിളികൾ മാത്രമല്ല ഭൂരിപക്ഷ ജനത അവർക്കുവേണ്ടി രൂപപെടുത്തിയ സാമൂഹിക ജീവിതപരിസരങ്ങളും അവയുണ്ടാക്കിയ തടസ്സങ്ങളും കൊണ്ട് അവസരം നഷ്ടമായവരാണ് ഭിന്നശേഷി സമൂഹം.

'സാധരണ' മനുഷ്യശരീരമാണ് 'ശരി' എന്ന ഭൂരിപക്ഷസമൂഹം നിർമ്മിച്ച അപരത്വ നിർമ്മിതിയാണ് ഭിന്നശേഷിയെ കുറിച്ചുള്ള സാമൂഹിക മാതൃകയിൽ പഠനവിധേയമാക്കി യത്. ശാരീരിക ചലനങ്ങൾക്കും കാഴ്ചയ്ക്കും കേൾവിക്കും നീളത്തിനും വണ്ണത്തിനും നിറത്തിനുമെല്ലാം ഭൂരിപക്ഷപ്രബലസമൂഹം നിർമ്മിച്ച നിർവചനമാണ് പൊട്ടൻ, ചട്ടൻ, കുള്ളൻ, മന്ദൻ, ഭ്രാന്തൻ തുടങ്ങിയ വിളിപ്പേരുകളും ഉണ്ടാക്കിയത്. വൈദ്യശാസ്ത്ര നിർവചനമനുസരിച്ച് ശാരീരികമോ മാനസികമോ ബുദ്ധിപരവുമായ വെല്ലുവിളികൾ അനുഭവിക്കുന്നവരാണ് ഭിന്നശേഷിസമൂഹം. അതായത് ശരിയായി പ്രവർത്തിക്കുന്ന സമൂഹത്തിന്റെ ഇച്ഛക്കനുസരണം പ്രതികരിക്കുന്ന നീളവും വണ്ണവും പ്രയത്തിനനുസരി ച്ചുള്ള കൈകാലുകൾക്കും വിരലുകൾക്കും കുറവുകളോ കൂടുതലോ ഇല്ലാത്ത ഭൂരി പക്ഷം വരുന്ന സാധരണക്കാരിൽ നിന്നും വ്യത്യസ്തരാണ് അവർ. അത് പരിഹരിക്കാ നുള്ള മാർഗ്ഗങ്ങളന്വേഷിക്കുകയാണ് ഭിന്നശേഷിയുമായി ബന്ധപ്പെട്ട പഠനങ്ങളിലെ വൈദ്യശാസ്ത്രമാതൃകയുടെ ലക്ഷ്യം. വ്യക്തിയുടെ ശാരീരത്തിന്റെയോ മനസ്സിന്റെയോ വെല്ലുവിളിയെ ഡോക്ടർമാരും മരുന്നുകളും കൊണ്ട് ചികിത്സിച്ച് സാധാരണ സ്ഥിതിലെ ത്തിക്കാം സാങ്കേതിക വിദ്യകളുപയോഗിക്കാം. എതു രീതിയിലായാലും മിറകടക്കുക എന്നതാണ് വൈദ്യശാസ്ത്രമാതൃകയുടെ ആത്യന്തിക ലക്ഷ്യം.

## ഘ. ഭിന്നശേഷി വർഗ്ഗീകരണം

ഭിന്നശേഷിയ്ക്ക് കാരണമാകുന്ന അവസ്ഥകളെ പലതായി വർഗ്ഗീകരിക്കാം. വൈദ്യ ശാസ്ത്ര കാഴ്ചപ്പാടിൽ ഭിന്നശേഷിയ്ക്ക് കാരണമാകുന്ന വൈകല്യങ്ങൾ, ഹാനികൾ എന്നിവ ജന്മസിദ്ധമോ, ജനിതകമോ, ആർജ്ജിതമോ, അജ്ഞാതകാരണങ്ങളാലുള്ളതോ ആവാം എന്നാൽ ഭിന്നശേഷിയുടെ സാമൂഹ്യമാതൃക അനുസരിച്ച് ഒരു വ്യക്തിയുടെ പ്രത്യേകതകളെയും പരിമിതികളെയും ഉൾക്കൊള്ളുന്നതിനു സമൂഹത്തിന് കഴിയാതിരിക്കുന്ന ഏതവസ്ഥയും വൈകല്യങ്ങൾക്ക് കാരണങ്ങൾ ആണ്.

ദാരിദ്ര്യം, സാമൂഹ്യ, രാഷ്ട്രീയ ഘടനകൾ വിദ്യാഭ്യാസലഭ്യതയില്ലായ്മ, ആരോഗ്യ മേഖലയുടെ കാര്യക്ഷമതയില്ലായ്മ, സാങ്കേതികമായ പിന്നോക്കാവസ്ഥ, സാമൂഹ്യകാഴ്ചപ്പാടുകൾ, ജീവിതസാഹചര്യങ്ങൾ സമൂഹത്തിന്റെ സാമ്പത്തികഘടനയും നയങ്ങളും എന്നിവയാണ് സാമൂഹ്യമായി വൈകല്യങ്ങളെ സൃഷ്ടിക്കുന്നതും അതിന്റെ വ്യപനത്തിന് കാരണമാവുന്നതും. ഭിന്നശേഷി ജനവിഭാഗത്തിന്റെ പ്രയോഗിക ജീവിതത്തിലേക്ക് പൊതുസമൂഹത്തിന്റെ ശ്രദ്ധ പതിയാൻ ഈ പഠനങ്ങൾ സഹായിച്ചു ഭിന്നശേഷി ഒരു സാമൂഹിക നിർമ്മിതി കൂടിയാണെന്ന് തിരിച്ചറിയാൻ ഇത് ഇടവരുത്തി.

വർഗ്ഗീകരണം എത്രതരം? ഏതെല്ലാം?

ഭിന്നശേഷി പ്രധാനമായും മൂന്ന് തരത്തിൽ ആണുള്ളത് വായനാഭിന്നശേഷി, ലേഖനഭിന്നശേഷി, ഗണിതഭിന്നശേഷി

### ഘ.ക. വായനഭിന്നശേഷി

വായനഭിന്നശേഷി ഒരു തരത്തിലുള്ള പഠനഭിന്നശേഷിയാണ്. ഇത് വായനയും ആയി ബന്ധപ്പെട്ട പ്രശ്നമാണ് വായിക്കുന്ന സമയത്ത് വാക്കുകൾ മനസിലാക്കുന്നതിനും അർത്ഥം മനസിലാക്കുന്നതിനും ഏറെ സമയമെടുക്കുകയോ തീരെ കഴിയാതെ പോകുകയോ ചെയ്യുന്നത് വായനഭിന്നശേഷി കാരണമാണ്. വായനഭിന്നശേഷിയുടെ പ്രധാന ലക്ഷണങ്ങൾ താഴെ പറയുന്നവയാണ്

- വാക്കുകളും അക്ഷരങ്ങളും വിട്ടുകളഞ്ഞ് വായിക്കുക.
  ഉദാ തവളയ്ക്കു പകരം തള എന്ന് വായിക്കുക.
- അക്ഷരങ്ങളും വാക്കുകളും തിരിച്ചുപറയുക.
- വായിച്ച വസ്തുക്കൾ ഓർമ്മിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

- മൂല്യനിർണയത്തിൽ ചോദിക്കുന്ന ചോദ്യങ്ങളുടെ ആശയം വ്യക്തമാക്കാതിരിക്കുക.

**വായനഭിന്നശേഷി പ്രധാനമായും രണ്ടു തരത്തിൽ.**

- ആർജിത വായനഭിന്നശേഷി.
- സംവർധന വായനഭിന്നശേഷി.

### ൧.ക. ക. ആർജിത വായനഭിന്നശേഷി

അപകടങ്ങൾ, സ്ട്രോക്ക്, തലച്ചോറിലുണ്ടാകുന്ന ക്ഷതങ്ങൾ, വായിക്കാൻ പ്രയാസം അനുഭവപ്പെടും ഇത് മൂലം ഉണ്ടാവുന്ന വൈകല്യത്തെ ആർജിത വായനഭിന്നശേഷി (Acqured Dyslemia) എന്ന് വിളിക്കുന്നു.

### ൧.ക.ഖ. സംവർധന വായനഭിന്നശേഷി

ഒരു കുട്ടിക്ക് ജന്മനാ വായനയ്ക്കുള്ള കഴിവുകൾ നേടിയെടുക്കാൻ പറ്റാത്ത അവസ്ഥയ്ക്ക് സംവർധന വായനഭിന്നശേഷി (Develomental Dystemia) എന്നു പറയുന്നു. വായനയ്ക്ക് പ്രയാസം അനുഭവപ്പെടുന്ന ഒരു കൂട്ടം വ്യക്തികൾക്കിടയിൽ ആഴത്തിൽ നടത്തിയ പഠനങ്ങളിലൂടെ മനസിലാക്കുന്നതിനും പഠനത്തിനുള്ള കഴിവ് ജന്മസിദ്ധമായി ഉണ്ടാവുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. തലച്ചോറിലെ ചില നാഡീനിഷ്ഠഘടകങ്ങളാണ് ഇത് സാധ്യമാക്കുന്നത് വായനാഭിന്നശേഷി മൂന്ന് തരത്തിൽ കാണപ്പെടുന്നു.

1 വർണഘടനാപരം

2 ആന്തരഘടനാപരം

3 സമ്മിശ്രം

## ൧.ഖ. ലേഖനഭിന്നശേഷി

എഴുതാനുള്ള ശേഷിയെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിക്കുന്നതാണ് ലേഖനഭിന്നശേഷി. എഴുതാൻ നേരിടുന്ന ബുദ്ധിമുട്ട് തലച്ചോറിലെ നാഡികൾക്കു വരുന്ന ചില തകരാറുകൾ മൂലമാണ് ഉണ്ടാകുന്നത് ഇത് ബുദ്ധിപരമായ പ്രശ്നം അല്ല ചെറുപ്രായത്തിൽ കുട്ടികൾ എഴുത്തിനോട് പരിചിതരാകുന്ന കാലഘട്ടത്തിൽ തന്നെ ഇതിന്റെ ലക്ഷണങ്ങൾ കണ്ടുവരാം. നിരവധി ഭാഗങ്ങളുടെ സഹകരണം ഇതിന് ആവശ്യ

മാണ്. ലേഖനഭിന്നശേഷി മറ്റു പഠനഭിന്നശേഷികളുടെ കൂടെയും അല്ലാതെയും വരാം. സാധാരണയായി ലേഖനഭിന്നശേഷിയെ രണ്ട് ഉപവിഭാഗങ്ങളായി തിരിക്കാം.

### ൧.ഖ.ക. ചലനസംബന്ധിയായ ലേഖനഭിന്നശേഷി.

കൃത്യമായ ഘടനയിലും ക്രമത്തിലും ആശയങ്ങളെ ആവിഷ്ക്കരിക്കാനും എഴുതാനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വിദ്യാർത്ഥികൾ എഴുതുമ്പോൾ ക്ഷീണിതരാവുകയും എഴുത്ത് വേദനാജനകമാവുമായ പ്രക്രിയയായും മാറുന്നു.

### ൧.ഖ.ഖ. ഭാഷസംബന്ധിയായ ലേഖനഭിന്നശേഷി

ഭാഷസംബന്ധിയായ ലേഖനഭിന്നശേഷിയുള്ള കുട്ടികൾക്ക് ആശയങ്ങളെ ലിഖിതരൂപമാക്കി മാറ്റാൻ കാലതാമസം നേരിടുന്നു. വിദ്യാർത്ഥികൾക്ക് അവയുടെ ആശയങ്ങൾ വ്യക്തമായും സംക്ഷിപ്തമായും പറയാൻ കഴിയുമെങ്കിലും അത് എഴുതാൻ കഴിയാതെ വരുന്നു. ഇത്തരം ലേഖനഭിന്നശേഷി ഉള്ള കുട്ടികളിൽ കൈയ്യക്ഷരത്തിൽ വലിയ പ്രശ്നങ്ങളൊന്നും കാണാറില്ല.

**ലേഖനഭിന്നശേഷിയുടെ പ്രധാന ലക്ഷണങ്ങൾ താഴെ പറയുന്നവയാണ്.**

- അക്ഷരങ്ങൾ വരിവരിയായി എഴുതാനുള്ള ബുദ്ധിമുട്ട്.
- അക്ഷരങ്ങളുടെ ആകൃതിമാറ്റം.
- അക്ഷരങ്ങൾ / വാക്കുകൾ തമ്മിൽ കൃത്യമായ അകലം പാലിക്കാതിരിക്കുക.
- രണ്ട് അക്ഷരങ്ങൾ തമ്മിൽ കൂട്ടിച്ചേർത്തെഴുതുക.
- കാഴചയ്ക്ക് സാമ്യമുള്ള അക്ഷരങ്ങൾ തിരിച്ചറിയാൻ കഴിയാതെ എഴുതുന്നു.
- എഴുത്ത് എന്ന പ്രവൃത്തിയെ ഒഴിവാക്കാൻ ശ്രമിക്കുന്നു.

### ൧.ഗ. ഗണിതഭിന്നശേഷി

അക്കങ്ങൾ മനസ്സിലാക്കാനും ഗണിതക്രിയകൾ ചെയ്യാനുമുള്ള കഴിവിനെ ബാധിക്കുന്ന അവസ്ഥയാണ് ഗണിതഭിന്നശേഷി. കണക്കിലെ കൂട്ടാനും, കുറക്കാനും, ഗുണിക്കാനും, ഹരിക്കാനുമുള്ള അടിസ്ഥാന ചിഹ്നങ്ങൾ പോലും മനസ്സിലാക്കാനോ ഗണിതകൃത്യകൾ ചെയ്യാനോ കഴിയാതെ വരുന്ന ഈ കുട്ടികൾക്ക് അക്കങ്ങൾ ഓർത്ത് വെക്കാനും ക്രമത്തിൽ പറയാനും എണ്ണാനും സമയം കൃത്യമായി നോക്കാനുമെല്ലാം ബുദ്ധിമുട്ടുന്നുണ്ടാവും. ചെക്കോസ്ലോവാക്യയിലെ ഗവേഷകനായിരുന്ന ലെഡിസ്ലാവ് കോസക്

1974 ൽ എഴുതിയ എ സ്ട്രക്ചറൽ ഡിസോർഡർ ഓഫ് മാത്തമാറ്റിക്കൽ എബിലിറ്റീസ് എന്ന ലേഖനത്തിലാണ് ആദ്യമായി ഗണിതഭിന്നശേഷിയെ നിർവചിച്ചത്.

**ഗണിതഭിന്നശേഷി ലക്ഷണങ്ങൾ താഴെ പറയുന്നവയാണ്.**

- ഉപകരണങ്ങളോ ചിന്തകളോ ഉപയോഗിച്ചു കൃത്യമായി കണക്കുകൂട്ടുന്നതിനു പ്രയാസം നേരിടുന്നു.
- മനക്കണക്ക് ചെയ്യുന്നതിന് പ്രയാസം നേരിടുന്നു.
- വിരലുകൾ കൊണ്ട് കണക്കുകൂട്ടാൻ കഴിയാറില്ല.
- അക്ഷരങ്ങളെ തിരിച്ച് എഴുതുന്നു.
- ദൂരം, പ്രദേശം, ഭാരം, ദിവസം, മാസം, ആഴ്ച, വർഷം, എന്നിവയിൽ ആശയക്കുഴപ്പം.
- ശരിയായ സംഖ്യകൾ എഴുതാൻ കഴിയുന്നില്ല.

## ങ. ശാരീരികമായ വൈകല്യങ്ങൾ

കൈകാലുകൾ എല്ലുകൾ പ്രകടമായ ചലനക്ഷമത എന്നിവയെ ബാധിക്കുന്ന ഏതൊരു പരിമിതിയെയും ഒരു ശാരീരിക പരിമിതിയായി കണക്കാക്കാം. എന്നാൽ ഇത് ഒരു വൈകല്യം ആവണമെന്നില്ല. ഭിന്നശേഷിയുടെ സാമൂഹ്യമാതൃക അനുസരിച്ച് ശാരീരിക വൈകല്യം എന്നത് സാധരണഗതിയിൽ പ്രതീക്ഷിക്കുന്ന ഒരു രൂപകൽപ്പനയോ പ്രവർത്തനമോ ശരീരഭാഗങ്ങൾക്ക് ഇല്ലതെ വരുന്ന അവസ്ഥയാണ്.

ഉദ: കുത്തനെയുള്ള പടികൾ കയറാൻ കഴിയാതെ വരുന്ന ഒരാളുടെ മുട്ടുകൾക്ക് ഉയർന്ന പ്രതലത്തിലേക്ക് ബലം കൊടുത്ത് കയറാൻ കഴിയാത്ത വിധം പരിമിതിയുള്ളതായി പറയാം.

## ങ.ക. ഇന്ദ്രിയ സംബന്ധിയായ വൈകല്യങ്ങൾ

ഒന്നോ അതിലധികമോ ഇന്ദ്രിയങ്ങൾക്കുണ്ടാവുന്ന പരിമിതികൾ കാരണം ദൈനംദിന ജീവിതത്തിൽ ബുദ്ധിമുട്ടുണ്ടാവുന്നുവെങ്കിൽ അത്തരം അവസ്ഥകളെയാണ് ഇന്ദ്രിയ സംബന്ധിയായ വൈകല്യങ്ങൾ എന്നുപറയുന്നത്.

## ങ. ഖ. കാഴ്ചയുമായി ബന്ധപ്പെട്ടവ

ഒരു വ്യക്തിക്ക് പുറമേ നിന്നുള്ള ഒരു സഹായം ആവശ്യമാകുന്നത്രയും അളവിൽ ഒരാളുടെ കാഴ്ചശക്തിക്കുണ്ടാവുന്ന പരിമിതിയേയാണ് കാഴ്ചയുമായി ബന്ധപ്പെട്ട വൈകല്യം എന്നു പറയുന്നത്. ഇത് രോഗം മൂലമോ ശാരീരിക ആഘാതം മൂലമോ

വൈദ്യശാസ്ത്രപരമായി തിരുത്താനാവാത്തവിധം മോശമായിക്കൊണ്ടിരിക്കുന്ന അവസ്ഥ കൾ കൊണ്ടോ സൃഷ്ടിക്കപ്പെടാം. എല്ലാതരം അനുഭവങ്ങൾക്കും ദൃശ്യമാനം നൽകാൻ ആധുനിക മനുഷ്യൻ എപ്പോഴും ശ്രമിക്കുന്നുണ്ടെന്ന് കാണാം. ജീവിതത്തിന്റെ സമഗ്രത യിൽ കാഴ്ചയ്ക്ക് മാത്രമായി ഒരു പ്രത്യേകാവകാശവും യഥാർത്ഥത്തിൽ ലഭിക്കുന്നില്ല. മറ്റു ജ്ഞാനേന്ദ്രിയങ്ങൾ നൽകുന്ന അനുഭവങ്ങളുമായി ബന്ധപ്പെട്ടുമാത്രമാണ് കാഴ്ചാനു ഭവങ്ങൾ യാഥർത്ഥ്യത്തോട് അടുക്കുന്നത് കാഴ്ചവൈകല്യമുള്ള ഒരു വ്യക്തിയുടെ ജീവി തത്തിൽ കേൾവി ഒരു പ്രധാന പങ്ക് വഹിക്കുന്നു.

## ച. ഭിന്നശേഷിക്കാർ പങ്കാളിത്തവും അവസര സമത്വവും

സമൂഹത്തിലെ മറ്റ് ജനവിഭാങ്ങളെ അപേക്ഷിച്ച് നിത്യജിവിതത്തിൽ വ്യത്യസ്ഥമായ വെല്ലുവിളികളെ നേരിടുന്നവരാണ് ഭിന്നശേഷിയുള്ളവർ ശാരീരികമോ, മാനസികമോ, ബുദ്ധിപരമോ, ഇന്ദ്രീയസംബന്ധിയോ, വികസനപരമോ ആയ ഹാനികൾ അവയുടെ കൂടിച്ചേരലുകൾ എന്നിവ കാരണം വ്യക്തികൾക്കോ സമൂഹങ്ങൾക്കോ സൃഷ്ടിക്കപ്പെ ടുന്ന പ്രശ്നങ്ങളുടെ പരിണിതഫലം ആണ് ഭിന്നശേഷി. 2001 വർഷത്തെ സെൻസസ് പ്രകാരം ഭാരതത്തിലെ ജനസംഖ്യയുടെ ഏകദേശം 2.1 ശതമാനത്തോളം അംഗപരിമിത രാണെനന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്ത് 2015-ൽ പ്രസിദ്ധികരിച്ച ഭിന്നശേഷിക്കാരുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 22തരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 794834 പേരെ കണ്ടെത്തിയിട്ടുണ്ട് എല്ലാ പൗരൻമാർക്കുമൊപ്പം ഭരണഘടന അനുശാസി ക്കുന്ന സമത്വം, സ്വതന്ത്ര്യം, തുല്യത, അവസരം, നീതി എന്നിവ ഉറപ്പുവരുത്തുന്നതിന് അംഗപരിമിതർക്ക് ഒട്ടനവധി സമഗ്രപദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. വ്യക്തി കൾ നേരിടുന്ന ശാരീരികമോ, മാനസികമോ, സംവേദനപരമോ ആയ ബുദ്ധിമുട്ടുകളെ വ്യക്തികളുടെ കുറവോ കുറ്റമോ ആയി കാണുന്ന സമീപനമാണ് ആദ്യകാലങ്ങളിൽ നില നിന്നത്. സാമൂഹ്യഘടന സൃഷ്ടിക്കുന്ന തടസ്സങ്ങളാണ് വിവേചനങ്ങളാണ് വ്യക്തിക ളുടെ ഡിസെബിലിറ്റിക്ക് കാരണമാകുന്നതെന്ന കാഴ്ചപ്പാട് പിൽക്കാലത്ത് പ്രബലമായി അതിന്റെ ഭാഗമായി ഭിന്നശേഷി എന്ന പദം പ്രചാരത്തിലായത്.

# അദ്ധ്യായം II

# ഭിന്നശേഷി പഠനം നവസമീപനങ്ങളും സിദ്ധാന്തങ്ങളും

## II ക. ഭിന്നശേഷി വ്യത്യസ്ത സമീപനങ്ങൾ

പതിനെട്ടാം നൂറ്റാണ്ടിൽ വ്യവസായിക സംസ്കാരവും വികസന സങ്കല്പനങ്ങളും യൂറോപിൽ ആധുനിക വ്യക്തിയെ വിഭാവനം ചെയ്തതിന്റെ ചരിത്രപശ്ചാത്തലം വിശകലനം ചെയ്തുകൊണ്ട് മിഷേൻ ഫുക്കോ ആധുനിക വൈദ്യശാസ്ത്രത്തെക്കുറിച്ചും ചികിത്സാ സംമ്പ്രദായങ്ങളെക്കുറിച്ചുമുള്ള തന്റെ നിരിക്ഷണങ്ങൾ അവതരിപ്പിക്കുന്നത്. യൂറോ കേന്ദ്രീകൃതമായ ആധുനിക വൈദ്യശാസ്ത്രവും ചികിത്സാ സമ്പ്രദായങ്ങളും സങ്കൽപ്പങ്ങളും എത്തരത്തിലാണ് ആധുനിക യൂറേപ്യൻ വ്യക്തിസത്തയെ നിർവചിച്ചെടുത്തത് എന്ന നിർണായക വിഷയത്തിലേക്ക് വിരൽ ചൂണ്ടുകയാണ് ഫൂക്കോ പാശ്ചാത്യ ശാസ്ത്രം ചില തലങ്ങളിലെങ്കിലും ഭിന്നശേഷിയെ പരാമർശിക്കുന്നതും വിശദികരിക്കുന്നതും വ്യക്തിസത്തുമായി ബന്ധപ്പെടുത്തിയാണ് വ്യക്തിയുടെ അപൂർണ്ണതയെയാണ് ഭിന്നശേഷിയായി പൊതുവെ പാശ്ചാത്യവൈദ്യശാസ്ത്രം കണക്കിലെടുത്തത് അതിനാൽ വ്യക്തിയെ താത്വികമായി നിർവചിച്ചുകൊണ്ടും വിമർശനാത്മകമായി വിശദീകരിച്ചു മാത്രമേ ഭിന്നശേഷിയെ കുറിച്ചുള്ള നിർവചനങ്ങളെ മനസ്സിലാക്കാനാവൂ.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആൻ ഇക്കോളജിക്കൽ സ്റ്റഡീസ് പ്രസിദ്ധികരിച്ച 'ഒരു സാമൂഹിക കാഴ്ചപ്പടിൽ' നിന്ന് എന്ന കൃതിയിൽ വ്യക്തിയുടെ സൈദ്ധാന്തികമായ നിർമ്മിതിയെ നിരീക്ഷിക്കുകയാണ് ചെയ്യുന്നത്. സത്തയുള്ള ഒന്നായി (Ontologically given) വ്യക്തിയെ പരിഗണിക്കുകയെന്നത് ആധുനിക ചിന്തകരുടെ പൊതുവായ ഒരു പ്രശ്നമാണ്. ആധുനിക മുതലാളിത്ത ക്രമത്തിന്റെ പശ്ചാത്തലത്തിൽ സ്വകാര്യസ്വത്തുടമസ്ഥയുമായി ബന്ധപ്പെട്ട് ക്രമേണ കരുപിടിപ്പിക്കട്ട ഒരു പ്രതിഭാസമാണ് വ്യക്തി. പൗരസമൂഹത്തിൽ വ്യക്തികൾ വിഭിന്ന പൊതുസ്ഥപനങ്ങളിൽ നിബന്ധരാണ്. ഈ നിർമ്മാണപ്രക്രിയയിലെ ഏറ്റവും പ്രധാന ശക്തി കമ്പോളം തന്നെയാണ്.

ഭിന്നശേഷി , ഭിന്നശേഷി പഠനം തുടങ്ങിയ സംജ്ഞകളും പഠനശാഖകളും അവയുടെ രീതിശാസ്ത്രവും ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഭാഗമായാണ് രൂപപ്പെട്ടത്. അതുകൊണ്ട് തന്നെ ആധുനികതയുടെ സവിശേഷമായ ഉള്ളടക്കത്തെ സ്വാംശീകരിക്കുന്ന രീതിശാസ്ത്രവും സമീപനങ്ങളുമാണ് ഭിന്നശേഷി നിർവചിക്കുന്നതിന്റെ മാനദണ്ഡമായി വരുന്നത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുള്ള സാമൂഹിക രാഷ്ട്രീയ വ്യവസ്ഥകൾ ലോകാരോഗ്യസംഘടനയുടെ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര രോഗ വർഗ്ഗീകരണ പദ്ധതികൾ, ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ, തുടങ്ങിയവയൊക്കെ അതതു ചരിത്ര സന്ദർഭങ്ങളിൽ ഭിന്നശേഷിയുടെ മാനദണ്ഡങ്ങളെ നിർണ്ണയിക്കുന്നതിനെക്കുറിച്ച് ഭിന്നശേഷി പഠനം എന്ന കൃതിയിൽ പാട്രിക് ഫെഗിറോളസും (Patrick fougeyrollas) ലിൻ ബിയറി ഗാർഡും ( Line Beauregard) സൂചിപ്പിക്കുന്നുണ്ട്. ശാസ്ത്ര സിദ്ധാന്തങ്ങൾ അവയുടെ മാനദണ്ഡങ്ങൾ വിശകലന മാതൃകൾ പരീക്ഷണ നിരീക്ഷണങ്ങളുടെ സ്വാഭാവം എന്നിവയൊക്കെ രൂപപ്പെടുന്ന സാമൂഹിക ഘടനയുടെ അധികാരരൂപങ്ങളെ പരിഗണിച്ചുകൊണ്ട് മാത്രമെ ഭിന്നശേഷിയെക്കുറിച്ചുള്ള നവ സമീപനങ്ങളെ വിശദീകരിക്കാനാവു.

ഭിന്നശേഷിയെ സംബന്ധിച്ച് സമൂഹം നൽകുന്ന ഊന്നലുകൾ,സാമൂഹിക മനോഭാവം എന്നിവ സാമൂഹിക ശ്രേണീകവും വിശ്വാസങ്ങളുമൊക്കെ ഇടപെടുന്നതുകൊണ്ട് രൂപപ്പെട്ടതാണ്. ഈ അർത്ഥത്തിലാണ് ഭിന്നശേഷി സ്വത്വ നിർമ്മിതിയുടെ ഉള്ളടക്കമായി മാറുന്നത് അതായത് സാമൂഹിക മനസ്ഥിതിയാണ് സാരാംശത്തചന്റ ഒരു വ്യക്തിയുടെ സവിശേഷാവസ്ഥയെ ഭിന്നശേഷിയുടെ ശ്രേണിയിൽ നാമകരണം ചെയ്യുന്നത് ആരോഗ്യം, രോഗം, വൈകല്യം ബലഹീനതകൾ തുടങ്ങിയ ശാരീരികവും മാനസികവുമായ അവസ്ഥകളെ ജ്ഞാനശാസ്ത്രപരമായി വ്യത്യസ്ഥ സമീപനങ്ങൾ വഴി മനസ്സിലാക്കാവുന്നതാണ്. ആധുനിക വൈദ്യശാസ്ത്രം, ജീവശാസ്ത്രം, മനശാസ്ത്രം, സാമൂഹിക ശാസ്ത്രം മതം തുടങ്ങിയ വിവിധങ്ങളായ വിഷയങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നതാണ് ശരീരത്തെക്കുറിച്ചും ഭിന്നശേഷിയെക്കുറിച്ചുമുള്ള സാമൂഹികധാരണകൾ. സമൂഹത്തിന്റെ ദൈനംദിനവ്യവഹാരങ്ങളിൽ ദേശം, തൊഴിൽ, വംശം, ജാതി, മതം, ലിംഗപദവി, വർഗ്ഗം, വർണ്ണം എന്നിവയുടെയൊക്കെ അടിസ്ഥാനത്തിൽ ആരോഗ്യത്തെക്കുറിച്ചുമുള്ള ധാരണകളിൽ വ്യത്യാസമുണ്ടായിരിക്കും ശാരീരികവും മാനസികവുമായി ചില സവിശേഷവസ്ഥകളെ കുറിച്ചുമുള്ള സാമൂഹിക ധാരണകൾ രൂപപ്പെടുന്നത് എങ്ങനെയെന്ന് അന്വേഷിക്കുന്നത് സാമൂഹിക വ്യവഹാരങ്ങളുടെ സ്വഭാവം മനസ്സിലാക്കാൻ ഏറെ സഹായകരമാണ്. ഭിന്നശേഷി എന്ന വിഷയത്തെ കേന്ദ്രബിന്ദുവായിപരിഗണിച്ച് ശാരിരിക വൈകല്യത്തെ ഒരു സാമൂഹിക നിർമ്മിതിയായും ( Social Construct) സാംസ്കാരിക രൂപമായും (Cultcolal Phenomenon) തിരിച്ചറിയുകയും അതിന്റെ വെളിച്ചത്തിൽ വൈക

ല്യാനുഭവങ്ങളേയും ആവിഷ്കാരങ്ങളെയും വിശകലനം ചെയ്യുകയാണ് ഭിന്നശേഷി പഠന മേഖലയിലെ അന്വേഷണങ്ങൾ.

### ഖ. ശരീരം/ഭിന്നശേഷി

അധ്വാനിക്കാനും വിഭവമാർജ്ജിക്കാനുള്ള ശരീരത്തിന്റെ ശേഷിയെ അടിസ്ഥാനമാക്കിയാണ് സാമൂഹിക പദവിയുടെ ലബ്ധി നടക്കുന്നത്. സാമൂഹിക സാമ്പത്തിക വിഭവ മാർജ്ജിക്കാനുള്ള ശേഷിയില്ലാത്ത ആളുകളാണ് സ്വാഭാവികമായും ഭിന്നശേഷിക്കാരായി ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടത്. പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ യുദ്ധവുമായി ബന്ധപ്പെട്ട് സൈന്യം പോലീസ് തുടങ്ങിയ തൊഴിൽ കൂട്ടായ്മകൾ നിലനിന്നിരുന്നതായി ഫൂക്കോ സൂചിപ്പിക്കുന്നു. യൂറോപ്പിൽ വ്യാവസായവത്കരണം വ്യാപകമായതോടെയാണ് ഭിന്നശേഷിവത്കരണവും പാർശ്വവത്കരണവും സൃഷ്ടിക്കപ്പെടുന്നത് എന്ന് ക്ഷേമ രാഷ്ട്രവും ഭിന്നശേഷി ജനതയും എന്ന പ്രബന്ധത്തിൽ റോബർട്ട് ഡക്ക് (Robert f Dake) പറയുന്നുണ്ട്. യൂറോപ്പിൽ വിപുലമായ തോതിലുള്ള വ്യവസായവത്കരണത്തിനു മുമ്പ് ഭിന്നശേഷിയുണ്ടെന്ന് പറയപ്പെടുന്ന ജനങ്ങൾക്ക് മൂല്യവും ക്രിയാത്മക ഇടവും സാമൂഹിക നീതിയും അതാത് പ്രദേശിക സമൂഹങ്ങളിൽ ലഭിച്ചിരുന്നു. ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വലിയ തോതിൽ യന്ത്രവല്ക്കരണം ആരംഭിച്ചതോടെ വേഗ തകൂടിയ പ്രവൃത്തികൾ അനിവാര്യമാവുകയും വലിയവേഗം കൈവരിക്കാനുതകുന്ന പുതിയ ഉപകരണങ്ങൾ ഉപയോഗത്തിലെത്തുകയും ചെയ്തു.

വ്യവയവത്കരണസംരഭങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ട യന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും രൂപകല്പന തന്നെ ഇത്തരത്തിൽ ശാരീരിക സവിശേഷതകൾ ഉള്ളവരെ ഒഴിവാക്കുന്നതിലേക്കും നയിക്കുന്ന തരത്തിലായിരുന്നു വെന്ന് റോബോർട്ട് ഡ്രാക്ക് എടുത്തു പറയുന്നുണ്ട്. തൊഴിൽ മേഖലയിൽ / വ്യവയവത്കൃത സാമൂഹിക ഘടനയിൽ ശരീരവും അദ്ധ്വാനവുമായി ബന്ധപ്പെട്ട് ഭിന്നശേഷിയുടെ നിർവചനങ്ങൾ രൂപപെടുകയും വ്യാപിക്കുകയും ചെയ്യുന്ന രാഷ്ട്രീയസാഹചര്യം ഇതാണ്. ഇത്തരത്തിൽ ദരിദ്രരായവരെ, ഭിന്നശേഷിക്കാരെ ശരണാലയങ്ങളിലേക്കോ ഡോർമെട്രികളിലേക്കോ മാറ്റിപാർപ്പിക്കുകയുണ്ടായി. 1780 കൾക്കും 1860 കൾക്കുംഇടയിൽ ധാരാളം ഭിന്നശേഷിക്കാരെ ക്രിമിനലുകളായി മുദ്രകുത്തി ഓസ്ട്രേലിയയിലേക്ക് നാട്കടത്തിയതായി റോബാർട്ട് ഡ്രാക്ക് രേഖപ്പെടുത്തിയിരുന്നു ക്ഷേമരാഷ്ട്രത്തിലെ പൗരന്മാർക്ക് വേണ്ടിയുള്ള വികസന പദ്ധതികളിൽ യുറോപ്യൻ ഭരണകൂടങ്ങൾ ഊന്നൽ കൊടുത്ത പ്രധാന കാര്യം ഭിന്നശേഷിയുള്ളവരെ സമൂഹത്തിൽ നിന്ന് നീക്കം ചെയ്യുക എന്നതായിരുന്നു.

## ഗ. സാമ്പത്തികമായ ഭിന്നശേഷി

യൂറോപ്യൻ സമൂഹങ്ങളിൽ പതിനെട്ടാം നൂറ്റാണ്ടിൽ കുടുംബവ്യവസ്ഥയിൽ വ്യക്തിഗത പരിശോധന രോഗനിർണ്ണയം ചികിത്സവിധികൾ എന്നിവ ഒരേ സമയം വ്യക്തികേന്ദ്രികൃതമായ മൂല്യവ്യവസ്ഥയുടെ ഭാഗമാകുന്നതും ഔഷധവിപണി വ്യപകമായി മാറുന്നതും ഈയൊരു സന്ദർഭത്തിലാണ് പാവപ്പെട്ടവർക്കും രോഗികൾക്കും ഭക്ഷണവും വസ്ത്രവും നൽകുന്നതുൾപ്പെടയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന സന്നദ്ധ സംഘടനകൾ അക്കാലത്തുണ്ടായി മതങ്ങളുമായി ബന്ധപ്പെട്ട് യൂറോപ്പിൽ പ്രവർത്തിക്കാനും നിർധനരായവരെ സംരക്ഷിക്കുന്നതിന് വേണ്ടി ആശുപത്രികളും ശരണാലയങ്ങളും സ്ഥാപിക്കുവാനും ആരംഭിക്കുന്നത് പതിനെട്ടാം നൂറ്റാണ്ടിലാണ്.

ഏറ്റവും വലിയ ഭിന്നശേഷിയായി കണ്ടത് എന്നതാണ് പ്രയാധിക്യമുള്ളവർ, ജോലി കണ്ടെത്താനവാത്തവർ, അനാഥർ, അതിദരിദ്രർ തുടങ്ങിയവരാണ് ശരാണാലയപ്രവേശനത്തിന് അർഹതയുള്ളവാരായി പരിഗണിക്കപ്പെട്ടതെന്ന് ഫുക്കോ നിരീക്ഷിക്കുന്നു. നിർധനത എന്ന സമൂഹികഭിന്നശേഷിയാണ് ഈ സവിശേഷ സാമൂഹികവസ്ഥയിൽ ശ്രദ്ധയോടെ പരിഗണിക്കപ്പെട്ടത്. ഈ സാമൂഹിക പരിഗണന ഉല്പാദന വ്യവസ്ഥയുമായുള്ള ബന്ധത്തെയാണ് അടിസ്ഥാനപരമായി പ്രതിഫലിപ്പിച്ചത്. മുഖ്യധാരാ സമൂഹത്തിൽ നിന്ന് ബഹിഷ്കൃതരായവരും സാമൂഹിക സാമ്പത്തിക പദവിയിൽ താണവരുമായ പാർശ്വവത്കൃത സമൂഹവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്ന നിലയിൽ ആശുപത്രികൾ പത്തൊൻപതാം നൂറ്റാണ്ടോടെ യൂറോപ്പിൽ വ്യപകമാവാൻ തുടങ്ങി.

## ഘ. ഭിന്നശേഷിയുടെ സാമൂഹികാസ്ഥ

കേരളത്തിലെ ജാതികേന്ദ്രികൃത സമൂഹം പുരുഷമേൽക്കോയ്മയുടെ കീഴിലും കോളനികരണത്തിനു കീഴിലും നിലനിന്നിരുന്ന അധികാര വ്യവസ്ഥയിൽ പിൻതുടർന്നിരുന്നതായി കാണാം. ജാതികേന്ദ്രികൃത വ്യവസ്ഥയിൽ ജാതിവ്യവസ്ഥയുടെ ശ്രേണികരണം ജന്മസിദ്ധമായ ജാതിയെന്ന ഭിന്നശേഷി അടിസ്ഥാനമാക്കിയായിരുന്നു ജാതി കേന്ദ്രികൃത വ്യവസ്ഥയിൽ കീഴാളരും പുരുഷ കേന്ദ്രികൃത വ്യവസ്ഥയിൽ സ്ത്രീകളും ഭിന്നശേഷിക്കാരുടേതിന് സമാനമായ തന്മയാലാണ് അടയാളപ്പെടുത്തുന്നത്.

ജാതി ശാരീരത്തിനു മേൽ ജാതിവ്യവസ്ഥയുടെ തൊടായ്മ, അയിത്തം, മേൽകീഴ്മുദ്രകൾ എന്നിവയൊക്കെ രേഖപ്പെടുത്തിയിരിക്കുന്നു. വസ്ത്രം, വർണ്ണം, തൊഴിൽ, ഭാഷ തുടങ്ങിയവയെല്ലാം തന്നെ അവന്റെ അവളുടെ സവിശേഷസ്വത്വത്തെ ആലേഖനം ചെയ്യുന്നതിനുള്ള സാമൂഹികനിർമ്മിതിയാണ്. ജാതിശരീരം ജാതിവ്യവസ്ഥയിലെ മൂല്യങ്ങളെ ചിഹ്നപ്പെടുത്തുന്നതും സ്ത്രീശരീരം പുരുഷ കേന്ദ്രികൃത വ്യവസ്ഥയുടെ മൂല്യങ്ങളെ ചിഹ്നപ്പെടുത്തുന്നതും 'അഭാ'വമായിട്ടാണ്. അതായത് സവർണ്ണ ശരീരത്തിന്

സിദ്ധമായ സവിശേഷതകളുടേയും മൂല്യങ്ങളുടെയും അസാദ്ധ്യം മൂലമാണ് കീഴാളശരീരം ഭിന്നശേഷിവല്കരിക്കപ്പെടുന്നത്, സ്ത്രീശരീരം പുരുഷശരീരത്തിന്റെ സവിശേഷതകളുടേയും മൂല്യങ്ങളുടേയും അഭാവമെന്ന നിലയിലും ശരീരശാസ്ത്രത്തിന്റെയോ രോഗനിദാനനിർണ്ണ സമീപനങ്ങളുടെയോ സത്തയായിട്ടല്ല ഭിന്നശേഷിയെ പരിഗണിക്കേണ്ടത് ശാരീരിക മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ശ്രേണികരിക്കപ്പെട്ട സാമൂഹിക സ്വത്വം എന്ന നിലയ്ക്കു കൂടി ഭിന്നശേഷി എന്ന പ്രയോഗത്തെ പരിഗണിക്കേണ്ടതുണ്ട്.

ശാരീരിക മൂലധനം എന്ന സങ്കൽപം കൊണ്ട് വിവക്ഷിക്കുന്നത് ജാതി മതം ലിംഗ പദവികളിലുള്ള ശരീരത്തിന്റെ ഇടപെടൽ ശേഷിയെയാണ് വ്യത്യസ്ഥ സമൂഹങ്ങളിൽ പാർശ്വവത്കൃതരായവർ പ്രധാനമായും ശാരീരിക മൂലധനത്തിന്റെ അഭാവത്തിലാണ് അത്തരമൊരു അവസ്ഥയിലേക്ക് എത്തപ്പെടുന്നത് സാമൂഹിക ഘടനയിൽ നിന്നും ഭിന്നശേഷി ആരോപിക്കപ്പെടുന്നവർ ഒഴിവാക്കപ്പെടുന്നതിന്റെ യുക്തി ശാരീരിക സാമൂഹിക മൂലധനവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ് ഭിന്നശേഷി എന്ന പദം ഏതെങ്കിലും ശാരീരികമോ മാനസികമോ ആയ സ്വത്വത്തെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നത് തന്നെ ഇത് ഭിന്നശേഷിപഠനം എന്ന ജ്ഞാനശാഖയുടെ രീതിശാസ്ത്രപരമായ പ്രശ്നമായി നിലനിൽക്കുന്നുണ്ട്.

### ങ. ഭിന്നശേഷിസംസ്കാരം

മനുഷ്യജീവിതം രോഗങ്ങളും മറ്റു പലതരം സംഘർഷങ്ങളും നിറഞ്ഞതിനാൽ ആർക്കും എപ്പോൾ വേണമെങ്കിലും എത്തിപ്പെടാം. രോഗങ്ങളും കുറവുകളും പരിഹരിക്കാനും പുനരധിവസിക്കാനുമായി ശാസ്ത്രസാങ്കേതിക രംഗത്ത് നിരവധി ശ്രമങ്ങൾ നടക്കുകയുണ്ടായി. വൈദ്യശാസ്ത്രത്തിനു പുറമേ 1980 നു ശേഷം കടന്നുവന്ന സാമൂഹികശാസ്ത്രപഠനങ്ങൾ ഭിന്നശേഷിയുടെ അർത്ഥം പ്രകൃതി അനുഭവങ്ങൾ അനന്തരഫലങ്ങൾ തുടങ്ങിയവ സമൂഹികമായി വിശകലനം ചെയ്യാൻ തുടങ്ങി. അത്തരത്തിൽ രൂപമെടുത്ത സാമൂഹികമാതൃകയിൽ ഭിന്നശേഷിസമൂഹത്തിന്റെ പരിമിതികൾ ബലഹീനത ശേഷിയില്ലായ്മ കുറവുകൾ അഭാവങ്ങൾ തുടങ്ങിയവ പലതരത്തിൽ നീരിക്ഷിക്കുകയുണ്ടായി.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഭിന്നശേഷിയുടെ ചരിത്രം സിദ്ധാന്തം സാമൂഹികനിയമങ്ങളും നയങ്ങളും നൈതികത തുടങ്ങി നിരവധി കാര്യങ്ങൾ പൊതുമണ്ഡലത്തിൽ സംവാദാത്മകമായി മാറി. ഭിന്നശേഷിജനവിഭാഗത്തിന്റെ പ്രയോഗിക ജീവിതത്തിലേക്ക് പൊതുസമൂഹത്തിന്റെ ശ്രദ്ധ പതിയാൻ ഈ പഠനങ്ങൾ സഹായിച്ചു. ഭിന്നശേഷി ഒരു സാമൂഹികനിർമ്മിതി കൂടിയാണെന്ന് തിരിച്ചറിയാൻ ഇത് ഇടവരുത്തി. 1980 ൽ അമേ

രിക്ക, ബ്രിട്ടൻ, കാനഡ അടക്കമുള്ള ഒന്നാം ലോക രാജ്യങ്ങൾ ഭിന്നശേഷി സൗഹൃദ സമൂഹത്തിന്റെ നിർമ്മിതിക്കു വേണ്ടി മുന്നിട്ടിറങ്ങി.

## aı. UNCRPD ( UN Convention on the Rights of Persons with Disabilites)

ഭിന്നശേഷിയെ സംബന്ധിക്കുന്ന ഒരു അന്തരാഷ്ട്ര കൺവൻഷൻ ആണ് യു.എൻ. സി. ആർ. പി. ഡി ( UN Convention on the Rights of Persons with Disabilites) 2006 ഡിസംബർ 13 നാണ് ഇത് അംഗീകരിക്കപ്പെട്ടത്.2008 മെയ് മൂന്നാം തീയ്യതി ഉടമ്പടി പ്രാബല്യത്തിൽ വന്നു. ഉടമ്പടിയുടെ നിയമാവലികൾക്ക് വിധേയവരാണെന്ന് സമ്മതിച്ചു. യു. എൻ. സി. ആർ. പി. ഡി എന്ന അന്താരാഷ്ട്ര കൺവൻഷൻ ഭിന്നശേഷിയുള്ളവരെ നിർവ്വചിക്കുന്നത് ഇങ്ങനെയാണ്.

കാരീരികമോ, മാനസികമോ ബുദ്ധിപരമോ, സവേദനപരമോ ആയ ബലഹീനതകൾ ഉള്ളവരും, ഇത്തരം ബലഹീനതകൾ വിവിധ പ്രതിബന്ധങ്ങളുമായി സമ്പർക്കം പുലർത്തുന്നതു കാരണം സമൂഹത്തിൽ പൂർണ്ണവും ഗുണപരവുമായ ഇടപെടലുകൾ നടത്തുന്നതിന് കഴിയാത്തവരുമാണ് ഭിന്നശേഷിക്കാർ.

മുൻകാലങ്ങളിൽ ഭിന്നശേഷി ഒരു വൈദ്യശാസ്ത്രവിഷയമാണ് കരുതപ്പെട്ടിരുന്നത് .എന്നാൽ യു. എൻ. സി. ആർ. പി. ഡി, ലോകാരോഗ്യസംഘടന എന്നിവരുടെ പുതുക്കിയ കാഴ്ചപ്പാടുകൾ അനുസരിച്ച് വൈകല്യമുള്ളവർ എന്ന ആശയത്തെ ശാരീരികമോ, മാനസികമോ, ബുദ്ധിപരമോ, സംവേദനപരമോ ആയ ചിലയിനം ബലഹീനതകളിലേക്ക് ചുരുക്കുന്നില്ല. പകരം ഭിന്നശേഷിയെ വൈദ്യശാസ്ത്രപരമായ നിർവചനങ്ങളിൽ നിന്ന് സാമൂഹികമായ നിർവചനത്തിലേക്ക് കൊണ്ടുവരുന്നു. അതായത് വൈകല്യത്തിന്റെ പ്രധാന സ്രോതസ്സ് ഒരാളുടെ ശാരീരികമോ ബുദ്ധിപരമോ, സംവേദനപരമോ ആയ ബലഹിനതകളല്ല പകരം അത്തരം ബലഹീനതകൾ സമൂഹത്തിലെ അല്ലെങ്കിൽ മറ്റുഘടനകളിലെ തടസ്സങ്ങളിൽ തട്ടുന്നതിനു കാരണം പൂർണമായും ഗുണപരമായ സാമൂഹ്യഇടപെടലുകൾ നടത്താൻ കഴിയാത്ത അവസ്ഥയാണ് ഈ നിർവ്വചനം വ്യക്തമാക്കുന്നത്.

വൈകല്യങ്ങളെ ഒഴിവാക്കുന്നതിന് കേവലം വൈദ്യശാസ്ത്രപരമായ പ്രവർത്തനങ്ങൾ മാത്രം മതിയാവില്ല എന്നും, അതിന് മുകളിൽ സൂചിപ്പിച്ച തടസ്സങ്ങളെയാണ് ശ്രദ്ധിക്കേണ്ടതെന്നും ഈ സംഘടനകൾ വാദിക്കുന്നു. സമൂഹങ്ങളുടെ ബോധപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ ഇത്തരം തടസ്സങ്ങൾ ഒഴിവാക്കപ്പെടുമ്പോൾ വൈകല്യം ഭിന്നശേഷിയായി മാറ്റപ്പെടുന്നു. ലെനാഡ് ജെ ഡേവിസിന്റെ നേതൃത്വത്തിൽ ശാരീരിക ഭിന്നതാപഠനം എന്ന ഒരു പുതിയ അക്കാദിമിക വ്യവഹാരം രൂപംകൊണ്ടതും ഏറെ പ്രസക്തമാണ്. മെഡിക്കൽ സാമൂഹ്യ പൗരവകാശമാതൃകകൾ സമ്മേളിച്ച് Human

Vooliant Model അഥവാ (മനുഷ്യ വൈവിധ്യാധിഷ്ഠിത മാതൃക) എന്ന ഒരു പുത്തൻ പരിപ്രേക്ഷ്യം വികസിച്ചു. വൈകല്യത്തിന്റെ ജൈവീക്യവും സാമൂഹിവും ആയ തലങ്ങൾ ഒരുപോലെ പ്രാധാന്യമർഹിക്കുന്നതാണെന്ന് ഈ മാതൃക വിവക്ഷിക്കുന്നു.

## ഛ. ഡിസബിലിറ്റി പഠനങ്ങൾ

ഡിസബിലിറ്റി സ്റ്റഡീസ് (Disabilites Studies) ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഏറ്റവും പരിവർത്തനോന്മുഖമായ വിജ്ഞാനശാഖയാണ്. 1990 കളിലാണ് ഈ വിജ്ഞാനശാഖ രൂപപ്പെട്ടു വികസിക്കാനാരംഭിച്ചത്. ഡിസേബിൾഡ് വ്യക്തികളെ തുല്യ മനുഷ്യരായി മനസ്സിലാക്കുന്നതിന്റെ തുടക്കമതാണ്. വംശപരവും വർഗ്ഗപരവും ജാതിപരവും ലിംഗപരവുമായ സൂഷ്മ രാഷ്ട്രീയ തലങ്ങളിലേക്ക് ഇന്ന് ഡിസബിലിറ്റി പഠനങ്ങൾ വ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കലാസാഹിത്യാവിഷ്കാരങ്ങളിൽ ഡിസേബിൾസ് വ്യക്തികളുടെ പ്രതിനിധാനം വിശകലന വിധേയമായി നോവൽ, കഥാനാടകം, സിനിമ തുടങ്ങിയ ഭിന്നമാധ്യമങ്ങളിലൂടെ ഡിസേബിൾഡ് വ്യക്തികളെ ചിത്രീകരിച്ച രീതിയാണ് വിശകലനം ചെയ്യപ്പെട്ടത്.

ശാരീരികമായ ഭിന്നതകളെ വ്യാപകമായി അവതരിപ്പിക്കുന്ന രീതി പാശ്ചാത്യകലയിലും സാഹിത്യത്തിലും സാർവത്രീകമായിരുന്നു. ഡിസേബിൾഡ് വ്യക്തികളെ തിന്മയുടെ പ്രതീകമായി അവതരിപ്പിച്ചിരുന്നു. ശാരീരികമായ അപൂർണ്ണത ആത്മാവിന്റെ അപൂർണ്ണതായി വ്യാഖ്യാനിക്കപ്പെട്ടു. രോഗം ശാരീരിക ഭിന്നതകൾ എന്നിവ പാപമായും തിന്മയായുമാണ് കലാവിഷ്കരങ്ങളിൽ ഇടം പിടിച്ചത് ക്രിമിനാലിറ്റി സദാചാര വിരുദ്ധത രാക്ഷസീയത എന്നിവയുമായി ശാരീരിക- മാനസിക ഭിന്നതകളെ ബന്ധിപ്പിക്കുന്നതായിരുന്നു ഈ രീതി. ഡിസെബിലിറ്റി പഠനങ്ങളുടെ സംസ്കാരപഠനത്തിന്റെ ഭാഗമാണിത്. 1980 കൾ മുതൽ ഡിസെബിലിറ്റി പഠനങ്ങൾ വിപുലപ്പെടുകയും പുതിയ ജ്ഞാനമാണ്ഡലങ്ങൾ തുറക്കപ്പെടുകയും ചെയ്തു ഡിസെബിലിറ്റിയെകുറിച്ചുള്ള കാഴ്ചപാടുകളിലെ മാറ്റം ദൈനദിനം ജീവിതങ്ങളിലും പ്രകടമായി. ഡിസെബിലിറ്റി പഠനങ്ങളെ ശക്തിപ്പെടുത്തിയത് സാമൂഹികശാസ്ത്ര മാതൃകയാണ്

ഡിസെബിലിറ്റി പഠനങ്ങൾ വിമർശനാത്മകം, സാംസ്കാരികം എന്നിങ്ങനെ ഉപവിഭാഗങ്ങളായി തിരിഞ്ഞ് ശക്തിപ്പെട്ടിട്ടുണ്ട് ഡിസെബിലിറ്റി പഠനങ്ങളിലെ വിമർശനാത്മക ധാര (Critical Disability Studies) ഫ്രാങ്ക്ഫർട്ട് സ്കൂൾ ചിന്തകരുടെ വിമർശനാത്മക സാമൂഹിക സിദ്ധാന്തങ്ങളെ കൂട്ടുപിടിക്കുന്നു. സാംസ്കാരിക പഠനധാരയാകട്ടെ ഡിസെബിലിറ്റിയുമായി ഒരു ബന്ധവുമില്ലന്നു തോന്നുന്ന വിഷയങ്ങളുടെ ഉപകരണങ്ങൾ പോലും ഉപയോഗിക്കുന്നു. തത്വചിന്ത നരവംശശാസ്ത്രം, പുരാവസ്തു ശാസ്ത്രം, സാഹിത്യപഠനം ഭാഷാശാസ്ത്രം മാധ്യമപഠനം തുടങ്ങിയ വിഷയാന്തര മേഖലകളിലൂടെ

യാണതിന്റെ സഞ്ചാരം. ഭിന്നശേഷി സാഹിത്യം എന്ന ജനുസ്സിനെക്കുറിച്ചുള്ള ആലോചനകൾ ശക്തമാണ്. ഡിസെബിലിറ്റി എന്ന ജീവിതാനുഭവം പൊതുസമൂഹത്തിൽ പങ്കുവെയ്ക്കപ്പെടേതുണ്ട്. ഡിസെബിലിറ്റി എന്നത് വിവേചനങ്ങൾക്കെതിരായ ചെറുത്തുനില്പ്പിന്റെ രാഷ്ട്രീയർത്ഥത്താൽ പ്രതിരോധപരമായ പദമാണ് അതുകൊണ്ട് വിശാലമായ അർത്ഥത്തിൽ ഡിസേബിലിറ്റി എന്ന ജീവിതാവസ്ഥയുടേയും വ്യക്തികളുടേയും ആവിഷ്ക്കാരങ്ങൾ കലയിലും സാഹിത്യത്തിലും സവിശേഷമായി രൂപപ്പെടേണ്ടതുണ്ട്.

മലയാളത്തിൽ ഈ വിഭാഗത്തിലുണ്ടായ പ്രധാനപ്പെട്ട കൃതിയാണ് ദിലീപി കീഴൂരിന്റെ 'ദൈവത്തിന്റെ ഇറച്ചി'. ഭിന്നശേഷി സാഹിത്യമെന്ന വിഭാഗത്തിൽ മലയാളത്തിലുണ്ടായ ആദ്യത്തെ ഉടലെഴുത്താണ് ഈ കൃതി. മതപാഠങ്ങളും വിശുദ്ധ ഗ്രന്ഥങ്ങളും ഡിസെബിലിറ്റിയെ തള്ളുകയും കൊള്ളുകയും ചെയ്യുന്ന ഇരട്ടനിലപടെടുക്കുന്നതു കാണാം. മനുഷ്യനടക്കമുള്ള ജീവജാലങ്ങളെല്ലാം ദൈവസൃഷ്ടമെന്നു കരുതുന്ന ആസ്തികത്വ ചിന്തയാണ് മതങ്ങളുടെ അടിസ്ഥാനം ശാരീരികമായ ഡിസെബിലിറ്റിയുള്ളവർ ദൈവീക ശക്തിയുള്ളവരാണെന്ന മിത്ത് പ്രചരിക്കപ്പെടുന്നു. ഡിസെബിലിറ്റി പാപത്തിന്റെ ഫലമാണെന്ന ധാരണ പുരാതനകാലം മുതലുണ്ടായിരുന്നു. ഡിസെബിലിറ്റി വ്യക്തികളോട് രണ്ടു സമീപനങ്ങൾ ക്രിസ്തുമതംപുലർത്തിയിരുന്നതായി ചരിത്രം പറയുന്നു. ഡിസെബിലിറ്റിയുള്ള വ്യക്തികളെ പരിപാലിക്കുന്നത് കടമയാണെന്നു ധരിക്കുന്ന ക്രിസ്തുമത വിശ്വാസികളുായിരുന്നു. ഡിസെബിലിറ്റി ദൈവശാപമാണെനന്നു ഇപ്പോഴും ആത്മാർത്ഥമായി വിശ്വസിക്കുന്ന ഭൂരിഭാരം മനുഷ്യരുടെ ലോകമാണിത്. മലയാളത്തിൽ ഡിസെബിലിറ്റി പഠനങ്ങൾ ഗൗരവമായി നടന്നുവെന്ന് പറയാനാവില്ല ഒറ്റപ്പെട്ട ചില ശ്രമങ്ങൾ മാത്രമായി അവ ഒതുങ്ങിപ്പോയിരിക്കുന്നു. മലയാളത്തിൽ സജീവവും സൂക്ഷ്മവുമായ പഠനങ്ങൾ നടക്കാനിരിക്കുന്നതേയുള്ളൂ.

# അദ്ധ്യായം III

## ഭിന്നശേഷി അടയാളങ്ങൾ മലയാളസാഹിത്യത്തിൽ

മനുഷ്യർ ജ്ഞാനേന്ദ്രിയങ്ങളിലൂടെയാണ് പ്രകൃതിയെ അറിയുന്നതും അന്വേഷിക്കുന്നതും ജ്ഞാനേന്ദ്രിയങ്ങളിൽ ഏറ്റവും വികസിതമായത് കണ്ണുകളായതിനാൽ കാലക്രമേണ അത് മറ്റ് ഇന്ദ്രിയങ്ങളെക്കാൾ പ്രമുഖ്യം നേടി സൗന്ദര്യ, സങ്കൽപങ്ങൾ, ആശയവിനിമയം, അവതരണം മുതലായ വൈവിധ്യമാർന്ന മേഖലകളിൽ ഇത് ദൃശ്യപരതയ്ക്ക് മേൽകൈ നൽകി. എല്ലാ മനുഷ്യനുഭവങ്ങളും ദൃശ്യപ്രധാനമാണെന്നും ദൃശ്യനുഭവങ്ങൾ ചിത്രീകരിക്കുമ്പോൾ മാത്രമേ സൗന്ദര്യം സാക്ഷാത്ക്കരിപ്പെട്ടു എന്നുമുള്ള വികലമായ ധാരണയിലേക്ക് ഇത് നയിച്ചു.

ഈ പശ്ചാത്തലത്തിലാണ് സാഹിത്യവും കലയും ദൃശ്യനുഭവത്തിന്റെ ആവിഷ്കാരങ്ങളായി മാറുന്നത്. പത്തൊൻപതാം നൂറ്റാണ്ട് വരെ സവർണ്ണ ഉപരിവർഗ്ഗങ്ങളുടെ മാത്രം കുത്തകയായിരുന്നു അവരുടെ അനുഭവങ്ങൾക്കും ചിന്തകൾക്കുമാണ് പ്രമുഖ്യം ഉണ്ടായിരുന്നത്. ഇക്കാലത്ത് കറുത്തവരുടേയും ദലിതരുടേയും സ്ത്രീകളുടേയും ശബ്ദത്തിന് യാതൊരു സ്ഥാനവുമില്ലായിരുന്നു. പുരുഷാധിപത്യ സമൂഹം സ്ത്രീക്കുമേൽ അടിച്ചേൽപ്പിക്കുന്ന ഉത്തരവാദിത്തമാണ് പാതിവ്രത്യം പോലുള്ള സങ്കൽപങ്ങൾ എന്നു തിരിച്ചറിയപ്പെട്ടു. ഭാഷയിലെ ലിംഗപരമായ അധീശത്വവും സ്ത്രീ എഴുത്തുകാർ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവിന്റെ അടിസ്ഥാനതലത്തിൽ ലിംഗാധീശപരമായ ഭാഷയെ മാറ്റിതീർക്കാനും പുതിയ പദാവലികൾ നിർമ്മിക്കാനും അവർക്കു കഴിഞ്ഞു. സാഹിത്യവും കലയും വ്യത്യസ്തമായ അനുഭവങ്ങളുടേയും ചിന്തകളുടേയും സഞ്ചിതസമാഹരമാണ് വൈവിധ്യങ്ങൾക്കോരോന്നിനും ഇവിടെ ഇടം ലഭിക്കേണ്ടതുണ്ട് നിർഭാഗ്യവശാൽ വൈവിധ്യമുള്ള എല്ലാ ശബ്ദങ്ങൾക്കും അത്തരം ഒരിടം ഇന്നും ലഭ്യമായിട്ടില്ല. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദങ്ങൾ വളരെ അടുത്ത കാലത്താണ് സാമൂഹിക രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ ഉയർന്നുകേൾക്കാൻ തുടങ്ങിയത്. വ്യവസ്ഥാപിത സാഹിത്യസങ്കല്പങ്ങളിൽ ഇപ്പോഴും വളരെയൊന്നും മാറിതീർന്നിട്ടില്ല ഫെമിനിസ്റ്റുകളും ദളിതരും അവരുടെ ആദ്യകാല പരിണാമഘട്ടത്തിൽ നേരിട്ടവിമർശനങ്ങളും തിരസ്കരണങ്ങളും ഇവിടെയും ആവർത്തിച്ചു. ഫെമിനിസ്റ്റുസാഹിത്യവും ദളിത് സാഹിത്യവും ബുദ്ധിഭ്രമം ബാധിച്ചവരുടെ പറച്ചിലുകളാണെന്ന് മുൻനിലപാട് തള്ളിക്കളയാൻ സമൂഹം നിർബന്ധിതമായി. സമൂഹത്തെ അതിന്റെ യഥാസ്ഥിതിക സങ്കൽപ്പങ്ങളിൽ നിന്നും മാറ്റാനും ദളിത് സ്ത്രീസാഹിത്യത്തെ സവിശേഷമായി മുഖ്യധാരയിൽ

സ്ഥാപിക്കാനും ഇതോടെ കഴിഞ്ഞു. സ്വന്തം അനുഭവങ്ങളെ ആവിഷ്കരിക്കാനുതകുന്ന സൗന്ദര്യശാസ്തവും ഭാഷയുമാണവർ സൃഷ്ടിച്ചത് നിലവിലുള്ള സൗന്ദര്യ ബോധത്തെയും മൂല്യവ്യവസ്ഥയെയും പുനർവായിച്ചും തിരുത്തിയുമാണ് ഇത് സാധ്യമായത്.

## III ക.അധികാരവും സമൂഹവും ഭിന്നശേഷിപദങ്ങളിൽ

അധികാരത്തിന്റെ ശ്രേണികരണസമ്പ്രദായത്തിൽ ജാതി, മതം, വർഗ്ഗം, ലിംഗം, തൊഴിൽ തുടങ്ങിയ ചരങ്ങളിലെല്ലാം ഭാഷയുടെ അധികാരം പ്രകടമാകുന്നുണ്ട്. ഇത്തരത്തിൽ ഭാഷയിലെ അധികാരം പരിഹാസപദങ്ങൾ രൂപികരിക്കപ്പെടുന്നതിന് കാരണമാവുന്നു. അധികാരം ഒരു വ്യക്തിയുടെ സ്വതന്ത്രമായ പ്രവർത്തികളുടെ മേൽ ആധിപത്യം സ്ഥാപിക്കാനും അതിൽ നിന്ന് ആനന്ദം നേടാനുമുള്ള പ്രത്യേക മനോഭാവമാണ് അധികാരത്തിന്റെ അടിസ്ഥാന പ്രേരണയായി വർത്തിക്കുന്നത്. ഒരു സാമുഹ്യവിഭാഗം അതിന്റെ നേതൃത്വം നിലനിർത്തുന്നത് രണ്ട് മാർഗ്ഗങ്ങളിലൂടയൊണ് ഒന്ന് അധീശത്വത്തിലൂടെയും മറ്റൊന്ന് ധൈഷണീകവും ധാർമ്മീകവുമായ നേതൃത്വത്തിലൂടയൊണ് എന്ന് അന്റോണിയോ ഗ്രാംഷി അഭിപ്രയപ്പെടുന്നുണ്ട്. അധികാരത്തെ കുറിച്ച് നിരവധി അഭിപ്രായങ്ങൾ വന്നിട്ടുണ്ടെങ്കിലും അതിൽ ഫുക്കോയുടെ അഭിപ്രായം ശ്രദ്ധേയമാണ് അധികാരം അടിച്ചമർത്തലല്ല അത് സൃഷ്ടിപരമാണ് രാഷ്ട്രം ഭരണകൂടം എന്നിവയിൽ അധിഷ്ഠിതമാണ് സാമൂഹിക സ്ഥാപനങ്ങളിലൂടെയാണ് അധികാരം പ്രസരിക്കുന്നത് എന്നിങ്ങനെ അധികാരം നാല് തലത്തിൽ വർത്തിക്കുന്നുണ്ട് വർഗ്ഗങ്ങളുടേയോ കൂട്ടായ്മകളുടെയോ ക്രമീകരണത്തോട് കൂടിയ അടരുകൾ ഏതൊരു സമൂഹത്തിലും നിലവിലുണ്ടായിരിക്കും ഒരു സമൂഹത്തിന്റെ മേൽകീഴ് അടിസ്ഥാനത്തിലുള്ള ഈ അടരുകളെയാണ് സാമൂഹികശ്രേണികരണം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് സമ്പത്ത് അധികാരം അഭിമാനം എന്നിവ ശ്രേണികരണത്തിന്റെ അടിസ്ഥാന മാനദണ്ഡങ്ങളാണ് ഭാഷയുടെ തന്ത്രപരമായ പ്രയോഗങ്ങളിലൂടെ ആധിപത്യവും അധിനിവേശവും ഉറപ്പിച്ച് നിർത്താനാവും ഇത്തരത്തിൽ ഭാഷയിലൂടയെുള്ള അധികാരം പലപ്പോഴും സംബോധനാപദങ്ങളിൽ പരിഹാസമായോ വിലക്ക് പദമായോ മാറുന്നു ഭിന്നശേഷിപദങ്ങളുടെ കാര്യത്തിലും ഭാഷയുടെ ഈ ശ്രേണികരണസ്വഭാവം പ്രകടമാവാറുണ്ട്.

ഒരു വ്യക്തിയുടെ അവസ്ഥയെ ഒരു ന്യുനതയായി കണ്ട് അതിനെ ഭാഷയിലൂടെ അധികാരപ്രയോഗം നടത്തുകയാണ് യാതാർത്ഥത്തിൽ ചെയ്യുന്നത് ഈ ആധിപത്യമനോഭാവം മൂലം ധാരളം പരിഹാസപദങ്ങൾ സമൂഹത്തിൽ ഭിന്നശേഷിയെകുറിക്കുന്ന പദങ്ങൾ ആയി രൂപം കൊള്ളുന്നത്.

## ഖ. ഭിന്നശേഷി ചരിത്രവും പദങ്ങളിലെ അധികാര നിർമ്മിതിയും

ശാരീരികവും ബുദ്ധിപരവും വൈകാരികവുമായ ഏതെങ്കിലും ന്യൂനതയോ തകരാറോ കാരണം മറ്റ് സമപ്രായക്കാരെ പോലെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തവരുണ്ട്. ഇവരെ ഭിന്നശേഷിക്കാർ എന്ന് പറയാം. അതായത് അസ്ഥി, പേശി, നാഡീ സംബന്ധമായ പ്രശ്നങ്ങളോ തകരാറുകളോ കാരണം ചലനപരമായ പ്രവർത്തനങ്ങൾ നിർവഹിക്കാൻ കഴിയാത്തവരെ ശാരീരിക ഭിന്നശേഷി ഉള്ളവർ എന്ന് പറയുന്നു. ബുദ്ധിവികാസം കുറഞ്ഞവരും ബുദ്ധിമാനം ശരാശരിയിൽ താഴെയുള്ളവരും ബുദ്ധിപരിമിതിയുള്ളവർ എന്ന് പറയുന്നു.

വികാരവിചാരങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവരും പെട്ടെന്ന് അടിമപ്പെടുന്നവരും വൈകാരികപ്രശ്നമുള്ളവരുടെ വിഭാഗത്തിൽപ്പെടുന്നു. ഭിന്നശേഷിയുള്ള ആളുകളേക്കാൾ ശാരീരികവും ബുദ്ധിപരവും മാനസികവും ആയി ശക്തി കുറഞ്ഞവരായിട്ടാണ് പൊതുസമൂഹം കാണുന്നത്. ഭിന്നശേഷിക്കരായ ആളുകളോടുള്ള അവഗണന ആദ്യകാലത്ത് സർവ്വസാധരണമായിരുന്നു. പാശ്ചാത്യസമൂഹത്തിൽ 18-ാം നൂറ്റാണ്ടിൽ ആണ് ഭിന്നശേഷിയെ ഒരു അവസ്ഥയായി കണ്ടത്. ഭിന്നശേഷിയെ മോശം അവസ്ഥയായണ് അന്നത്തെ സമൂഹം പരിഗണിച്ചത്. ഭിന്നശേഷി എന്ന പദത്തിനകത്ത് ഒളിഞ്ഞുകിടക്കുന്ന അർത്ഥതലങ്ങൾ വ്യത്യസ്ഥമാണ്. യാഥാർത്ഥത്തിൽ ഭിന്നശേഷി എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് വ്യത്യസ്ഥമായ ശേഷിയുള്ളവർ എന്നാണ്. ഭാഷയിലൂടെ അധികാരം പ്രയോഗിക്കുമ്പോഴാണ് ഭിന്നശേഷിയെ കുറിക്കുന്ന പദങ്ങൾക്ക് വിരുദ്ധമായ അർത്ഥം കൈവരുന്നത്.

ഇന്ന് ശാരീരികവും ബുദ്ധിപരവും മാനസികവും ആയ വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടിയുള്ള ഭിന്നശേഷി സംരക്ഷണനിയമങ്ങളും നയങ്ങളും ഉണ്ട്. ഇവ ഭിന്നശേഷിക്കാർക്ക് അനുകൂലമായ ഒന്നാണ് തുല്യത എന്നാ ആശയമാണ് ഇവർ മുന്നോട്ട് വെക്കുന്നത്. അവഗണനയോ അനർഹമായ പരിഗണനയോ അല്ല ഭിന്നശേഷി സമൂഹത്തിന് വേണ്ടത്. അവരുടെ കഴിവും പരിമിതികളെ അതിജീവിക്കുന്നതിനുള്ള ഇടപെടലുകളാണ് നടത്തേണ്ടത്.

## ഗ.ശാരീരികഭിന്നതയുടെ സാമൂഹ്യനിർമ്മിതി ഒരു ലഘു വിശകലനം

ലോകജനസംഖ്യയുടെ 10 ശതമാനത്തോടടുത്ത ജനങ്ങൾ വിവിധ തരം ശാരീരികവും മാനസികവുമായ വ്യത്യസ്തത അനുഭവിക്കുന്നവാരാണ്. ഇരുപതാം നൂറ്റാണ്ടിൽ മനുഷ്യരാശിയുടെ ജനധിപത്യം, അവകാശം, സമത്വം, പ്രതിനിധാനം തുടങ്ങിയ മൂല്യ

ങ്ങളെ അടിസ്ഥാനമാക്കിയുള്ള അന്വേഷണം സജീവമായപ്പോൾ ഇത്തരം ശരീരികഭിന്ന തയുള്ള അഥവ ഡിസേബിൾഡ് ആയ മനുഷ്യരുടെ അതിജീവനവും അസ്തിത്വവും ആയി ബന്ധപ്പെട്ട ക്രീയത്മകമായ പഠനങ്ങളും അന്വേഷണങ്ങളും നടന്നു.

ശാരീരിക ഭിന്നതയുള്ളവരുടെ ക്ഷേമം, സാമൂഹ്യ സാമ്പത്തിക സുരക്ഷ, പ്രാപ്യത നിയമപരമായ പരിരക്ഷ, വിദ്യാഭ്യാസം, തൊഴിൽ, ജീവിതനിലവാരം തുടങ്ങിയ മേഖലക ളിൽ സമൂലമായ മാറ്റങ്ങൾക്ക് ഇത്തരം അന്വേഷണങ്ങൾ വഴിയൊരുക്കി. എന്നാൽ ശാരീ രികഭിന്നതയുള്ളവരുടെ പ്രാതിനിധ്യത്തിനും യാഥാർത്ഥ്യബോധത്തോടെയുള്ള പൊതു സമൂഹത്തിന്റെ സ്വീകരണത്തിനും എത്രത്തോളം പ്രേരകശക്തിയായി എന്ന ചോദ്യം പ്രസക്തമാണ്.

ലോകത്ത് ശാരീരിക ഭിന്നതയുള്ളവരുടെ ജീവിതം ചരിത്രപരമായി അപഗ്രഥിക്കു മ്പോൾ പല ഘട്ടങ്ങളിലായി ഇത്തരക്കാരുടെ ജീവിതത്തോട് പല സാമൂഹ്യ മാതൃകകളും അനുവർത്തിച്ചതായി കാണാം. ഇതിൽ ഏറ്റവും ആദ്യം പ്രചാരത്തിൽ ഉണ്ടായ ഗോത്രമാ തൃക ഇത്തരക്കാരുടെ ജീവിക്കാനുള്ള അർഹത നിഷേധിക്കുകയും അവരെ സംഹരിക്കാ നുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്തു.

മതകേന്ദ്രീകൃതമായ മാതൃകയിൽ ശാരീരിക പരിമിതിയുള്ളവരെ അനുകമ്പയും സഹതാപവും അർഹിക്കുന്ന വിഭാഗമായി കാണുകയും ഇത്തരക്കാർക്ക് ആരാധനാലയ ങ്ങളിലും മറ്റും യാചിക്കുന്നതിനുള്ള അനുവാദം നൽകുകയും ചെയ്തു. പല മതങ്ങളിലും വൈകല്യം മുജ്ജന്മപാപത്തിന്റെ, ഫലമായി വിലയിരുത്തുകയും ചിലയിട ങ്ങളിൽ ഇവരെ ദിവ്യാംഗർ ആയി കണ്ട് പ്രത്യേക സിദ്ധികൾ കൽപിച്ച് നൽകുകയും ചെയ്തു. സാങ്കേതികവിദ്യയുടെ വളർച്ച പരിമിതികളെ ലഘൂകരിച്ചതോടൊപ്പം കൂടുതൽ മാന്യതയുള്ള ജീവിതം അംഗപരിമിതർക്ക് സാധ്യമാക്കി.

## ഘ. ശേഷി അധീശത്വം

മാനസികമോ ശരീരികമോ ആയ ശേഷി പൂർണ്ണതയെകുറിച്ചുള്ള സങ്കൽപ്പങ്ങളുടെ അടിസ്ഥാനത്തിൽ അതില്ലാത്തവരോടൊ ശേഷി കുറഞ്ഞവരോടൊ പ്രകടിപ്പിക്കുന്ന സാമൂഹ്യ മുൻവിധികളോ വിവേചനങ്ങളോ ആണ് ശേഷി അധീശത്വം ശേഷിപൂർണ്ണതയെക്കുറിച്ചുള്ള സങ്കൽപങ്ങൾ ശേഷിഅധീശത്വത്തിലേക്ക് നയിക്കുന്നു.

ശേഷിപരമായ വ്യത്യസ്തതകളെ പൂർണ്ണത, അപൂർണ്ണത എന്നി ദ്വന്ദ്വങ്ങളിലൂടെ ന്യൂനികരിക്കുകയാണ് ഇവിടെ ചെയ്യുന്നത്. അപൂർണ്ണത വികലതയും, പരിമിതിയും, ദുര ന്തവും, നിസ്സാഹയതയും, സഹതാപവുമായി മനസ്സിലാക്കപ്പെടുന്നു. എന്നാൽ ശേഷിക ളുടെ പൂർണ്ണതയും അപൂർണ്ണതയുമല്ല ഭിന്നതകളും വ്യത്യസ്തതകളുമാണ് നില

നിൽക്കുന്നത് എന്ന കാഴ്ചപ്പാടിന് ഇന്ന് പ്രബല്യമുണ്ട്. ഭിന്നതകളുടെ പാരസ്പര്യവും സഹവർതിത്വവും പുലരുന്ന ജൈവലോകം തന്നെയാണ് മനുഷ്യന്റെ സാംസ്കാരിക ജീവിതത്തിലും അഭിലക്ഷണീയ മാതൃകയാക്കേണ്ടത്.

ബന്ധപരവും പ്രക്രീയാപരവുമായി രൂപപ്പെടുന്നതും വികസിക്കുന്നതുമാണ് മനുഷ്യ ശേഷികളാകെ. പൂർണ്ണശേഷി, പൂർണ്ണവ്യക്തി, പൂർണ്ണമനുഷ്യൻ എന്നി സങ്കൽപങ്ങൾ സത്താപരവും ആശയവാദപരവും ഹിംസപരവുമാണ്. ശേഷികൾ, വ്യക്തിത്വം, മനുഷ്യത്വം എന്നിവ ചരിത്രപരവുമായും ഭൗതീകമായും മനുഷ്യൻ ആയിത്തീരുന്നതിന്റെയും ആർജ്ജിക്കുന്നതിന്റെയും കലയാണ്. പൂർണ്ണതയായല്ല അവിരാമമായ പ്രക്രിയ ആയാണ് അത് നിലനിൽക്കുന്നത്. ശേഷികൾ മാനസികമോ ശാരീരികമോ ആയി മാത്രം നില നിൽക്കുന്ന ഒന്നല്ല. സമ്പത്ത്, വിഭവം, അധികാരം , അറിവ് എന്നിവയോടൊപ്പം വിപുല പ്പെടുന്നതാണ്.

സ്ഥൂലർത്ഥത്തിൽ ശേഷികളുടെ അധീശത്വമാണ് ലോകത്താകെയുള്ള അധീശത്വ ത്തിന്റെ അടിസ്ഥാനം ശേഷി അധീശത്വത്തിന്റെ വിപുലീകൃതവിഷ്കാരങ്ങളാണ് ജാതി, വംശ, വർണ്ണ വർഗ്ഗ ,പുരുഷ മേധവിത്തം മുതൽ സാമ്രജ്യത്വം വരെയുള്ള ജനായത്ത വിരുദ്ധമായ അധികാര ഘടനകൾ. ശേഷി അധീശത്വം ഒരു അവബോധമായി നില നിൽക്കുന്നു ഭാഷയിലൂടെയും ബിംബങ്ങളിലൂടെയും പ്രതിനിതാനങ്ങളിലൂടെയും അതു പ്രസരിക്കുന്നു. വ്യക്തികൾ നേരിടുന്ന ശാരീരികമോ മാനസികമോ സംവേദനപരമോ ആയ ബുദ്ധിമുട്ടുകളെ വ്യക്തികളുടെ കുറ്റമോ കുറവോ ആയി കാണുന്ന സമീപനമാണ് ആദ്യകാലങ്ങളിൽ നിലനിന്നത്. അംഗവൈകല്യം അംഗപരിമിതി ശേഷിക്കുറവ് എന്നീ പ്രയോഗങ്ങളെല്ലാം അങ്ങനെ ഉണ്ടായി വന്നവയാണ്. ശേഷികളിലെ വൈവിധ്യം എന്ന യാഥാർത്ഥ്യത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. വ്യത്യസ്തതകളെ അംഗീകരിക്കുന്ന സാമൂഹ്യ നീതിബോധമാണതിൽ പ്രവർത്തിക്കുന്നത്.

### ങ. മലയാളനോവലും ഭിന്നശേഷിയും

ഭിന്നശേഷിയുടെ ആഖ്യാനങ്ങൾ മലയാളനോവലിൽ എപ്രകാരമാണ് നിർവഹിക്ക പ്പെട്ടിട്ടുള്ളതെന്ന സമാന്യവിശകലനമാണ് ഇവിടെ നിർവഹിക്കുന്നത്. അതിനായി ആദ്യ കാലം മുതൽ മലയാളനോവലിൽ അടയാളപ്പെടുത്തിയിട്ടുള്ള ഭിന്നശേഷി ആവിഷ്കാര ങ്ങളെ (ശരീരികവും ബൗദ്ധികവും ബഹുമുഖമായ ഭിന്നശേഷി) പൊതുവായി അപഗ്രഥി ച്ചുകൊണ്ട് ചരിത്രപരമായ വിശകലനം നടത്തുന്നു. മലയാളനോവൽ കാലഘട്ടത്തെ ആദ്യകാലം , നവോത്ഥാനകാലം , ആധുനികം, ആധുനികാന്തരം എന്ന് നാലായി പഠന മേഖലയിലെ നോവലുകളിൽ നിന്ന് ആവിഷ്കരണത്തിന്റെ പരമാവധി ഉദഹരണങ്ങൾ

ഉൾപ്പെടുത്തിയാണ് അപഗ്രഥനപ്രക്രിയ നിർവഹിച്ചിട്ടുള്ളത്. ഓരോ നോവലിലെയും സവിശേഷമായ പ്രത്യേകതകളും അപഗ്രഥനവിധേയമാക്കിയിട്ടുണ്ട് .

## ങ.ക.ശാരീരികഭിന്നശേഷി (Physical Disablility)

ഭിന്നശേഷിയുടെ പ്രധാനമേഖലയായ ശാരീരിക ഭിന്നശേഷിയുടെ ആവിഷ്കാരങ്ങളുടെ സവിശേഷപഠനമാണ് ഈ അധ്യായത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആവിഷ്കാരത്തിന്റെ സ്വഭാവം , ഭിന്നശേഷി വിഭാഗം ,ഭിന്നശേഷിയുടെ തോത് (തീവ്രത) എന്നിവയുടെ അടിസ്ഥാനത്തിൽ കഥാപാത്രങ്ങളെ പഠനവിധേയമാക്കുന്നു. ഒരു കാലിന് പരിമിതിയുള്ള അബ്ദുൽഖാദർ (പാത്തുമ്മയുടെ ആട്) സ്വഭാവിക ചലനത്തിനു സാരമായ പ്രശ്നങ്ങളുള്ള സച്ചിദാനന്ദൻ (മണലാഴം) കാഴ്ചപരിമിതി അനുഭവിക്കുന്ന കൃഷ്ണൻ (സൂസന്നയുടെ ഗ്രന്ഥപുര)എന്നീ ഭിന്നശേഷികാഥപാത്രങ്ങളെ വിശകലനം ചെയ്യുന്നു. ഭിന്നശേഷിക്കാരുടെ വ്യത്യസ്തതയാർന്ന കഴിവുകളുടെ വ്യപനത്തിനുള്ള സാഹചര്യം, അവർക്ക് ലഭിക്കുന്ന അംഗീകാരത്തിന്റെ അളവ് , ശാരീരികഭിന്നശേഷിക്കാരുടെ ലൈംഗീകത, ലൈംഗീകവകാശസംരക്ഷണം , കുടുംബജീവിതം എന്നിവയും വിശകലനവിധേയമാകുന്നു.

## ങ.ഖ. ബൗദ്ധികഭിന്നശേഷി (Intellectual Disablility)

ഈ അധ്യായത്തിൽ ബൗദ്ധികഭിന്നശേഷി ആവിഷ്കാരങ്ങളുടെ അപഗ്രഥനമാണ് നടക്കുന്നത്. ബുദ്ധിപരമായ പരിമിതികളും അനുബന്ധഘടകങ്ങളും ഒരു വ്യക്തിയെ ഏതൊക്കെ തരത്തിൽ അന്യവൽകരിക്കുന്നുവെന്നും, അപവൽകരിക്കുന്നുവെന്നും സുകുമാരൻ( ഒറ്റയടിപ്പാതയിൽ ) എന്ന കഥാപാത്രത്തെ മുൻനിർത്തി അപഗ്രഥിക്കുന്നു. ഭിന്നശേഷിക്കാർക്ക് വിശിഷ്യാ ബൗദ്ധികഭിന്നശേഷിക്കാർക്ക് കുടുംബജീവിതത്തിനുള്ള സാധ്യതയും , സാഹചര്യവും ഏതു ദിശയിൽ, എത്രത്തോളം നോവലിൽ അടയാളപ്പെട്ടിരിക്കുന്നുവെന്നും ഇവിടെ വിശദീകരിക്കുന്നു. ബൗദ്ധികഭിന്നശേഷിയെന്ന അവസ്ഥ അവരുടെ അല്ലെങ്കിൽ മാതാപിതാക്കളുടെ പൂർവജന്മഫലമായും കർമ്മഫലമായും കരുതുന്നതിലെ യുക്തിരാഹിത്യവും അവർക്ക് ജീവിതദൈർഘ്യമില്ലെന്ന അസംബന്ധബോധം രൂപപ്പെടാനിടയായ സാഹചര്യങ്ങളും നോവൽ സന്ദർഭങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുന്നു.

## ങ.ഗ.ബഹുമുഖഭിന്നശേഷി (Multiple Disablility)

ബഹുമുഖഭിന്നശേഷിയുടെ പ്രതിനിതാനങ്ങളാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു വ്യക്തിക്ക് ഒന്നിലധികം പരിമിതികൾ ഉണ്ടാവുമ്പോൾ അവർ അനുഭവിക്കുന്ന വേദനകളും ഒറ്റപ്പെടലും മറ്റുഭിന്നശേഷിത്വങ്ങളിൽ നിന്ന് എങ്ങനെ വ്യത്യസപ്പെടുന്നുവെന്നും

അത് ഏത് വിധത്തിലാണ് മലയാളനോവലുകളിൽ അടയാളപ്പെടുത്തിയിരിക്കുന്നതെന്നും പരിശോധിക്കുകയാണിവിടെ. അപ്പുക്കിളി (ഖസാക്കാന്റെ ഇതിഹാസം) അനന്തപത്മാന ഭൻ (സമുദ്രശില) എന്ന രണ്ട് കഥാപാത്രങ്ങളെയാണ് അപഗ്രധഥന വിധേയമാക്കുന്നത്. ഇത്തരം കഥാപാത്രങ്ങളുടെ സാനിധ്യം കുടുംബത്തെയും സമൂഹത്തേയും ഏതെല്ലാം തരത്തിൽ പ്രശ്നവൽക്കരിക്കുന്നുവെന്നും പരിമിതികളുടെ പേരിൽ അവരെങ്ങനെയാണ് അന്യവൽക്കരിക്കപ്പെടുന്നതെന്നും പരിശോധിക്കുന്നു. നമ്മുടെ സാംസ്കാരിക വളർച്ച യിൽ ഒഴിവാക്കാൻ കഴിയാത്ത ഒരു വിഭാഗമാണ് ഭിന്നശേഷിക്കാർ ഏതൊരു നാടിന്റെയും സാംസ്കാരികോന്നതിസൂചികയിൽ ഭിന്നശേഷിക്കാരുടെ അഭിവൃദ്ധിയും പ്രധാനമാണ്. വ്യത്യസ്ത മേഖലകളിൽ ഭിന്നശേഷിക്കാരുടെ ഉൾച്ചേരലും ഇടപെടലും എത്രത്തോള മെന്ന പരിശോധന ഈ സാഹചര്യത്തിൽ പ്രസക്തമാകുന്നു.

## ച. ഭിന്നശേഷിയുടെ അടയാളങ്ങൾ മലയാളനോവലിൽ

ഭിന്നശേഷിയുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളും നിർവചനങ്ങളും കൂടുതലായി വൈദ്യ ശാസ്ത്രത്തെ അടിസ്ഥാനമാക്കിയാണ് രൂപപ്പെട്ടിട്ടുള്ളത്. എന്നാൽ ഭിന്നശേഷിയുടെ വൈദ്യശാസ്ത്രമാതൃകയെക്കാൾ സമൂഹികമാതൃകയാണ് ഭിന്നശേഷിരാഷ്ട്രീയ ത്തിന്റെ ശരിബോധ്യങ്ങൾ കുടുതലായി വിനിമയം ചെയ്യുന്നത്. ആദ്യകാലനോവലുക ളിൽ ഭിന്നശേഷിക്കാരുടെ പരിമിതികളെ കേന്ദ്രികരിച്ചുള്ള ആവിഷ്കാരങ്ങളാണ് കൂടു തലും ദൃശ്യമാകുന്നത്. അധികാരഭാഷയിലൂടെ ഭിന്നശേഷിക്കാരെ സാമൂഹികശ്രേണി യുടെ കീഴറ്റത്ത് സ്ഥാനപ്പെടുത്തുന്നതും അവരെ പൂർണ്ണവ്യക്തികളായി അംഗീകരിക്കാ ത്തതും ഈ കാലഘട്ടത്തിലെ നോവലുകളിലെ പൊതുപ്രവണതയായി മാറുന്നു. എന്നാൽ വൈകല്യസംബോധനകൾക്കൊപ്പം അവരുടെ ശേഷികളെ വ്യക്തമായി അടയാ ളപ്പെടുത്തുന്ന സന്ദർഭങ്ങളും അപൂർവമായി കാണാൻ സാധിക്കുന്നു. ഇത് ഭിന്നശേഷി ക്കാരുടെ കായികശേഷിയും ഉത്തരവാദിത്തബോധവും വിനിമയം ചെയ്യുന്നതിന് സഹായ കമാകുന്നു. നവോത്ഥാനകാലനോവലുകളിലെ ഭിന്നശേഷി ആവിഷ്കാരങ്ങളിൽ പരിമി തികളെ സൂചിപ്പിക്കുന്ന പദപ്രയോഗങ്ങളിലൂടെയുള്ള പരിഹാസങ്ങളും ആക്ഷേപങ്ങളും ധാരളമുണ്ടെങ്കിലും അവരുടെ വ്യത്യസ്തതയാർന്ന ശേഷികൾ ബോധ്യപ്പെടുത്താൻ പാകത്തിലുള്ള സന്ദർഭങ്ങൾ ധാരളമുണ്ട്. ഈ കാലഘട്ടത്തിലെ നോവലുകളിലെ ഭിന്ന ശേഷി കഥാപാത്രങ്ങൾ അവരുടെ ശാരീരികബൗദ്ധിക പരിമിതികളെ അതിസമർത്ഥമായി മറികടക്കുന്നതായി അടയാളപ്പെടുന്നുണ്ട്. എന്നാൽ സമൂഹത്തിന് ഭിന്നശേഷിക്കാരോ ടുള്ള അധികാരമനോഭാവത്തിൽ ആദ്യകാലനോവലുകളിൽ നിന്ന് വലിയ വ്യത്യസമുണ്ടാ കുന്നില്ല.

ആധുനികനോവലുകളിലെ ഭിന്നശേഷിആവിഷ്കാരങ്ങളിൽ സമൂഹത്തിന്റെ തെറ്റായ മനോഭാവത്തെയും തീരുമാനങ്ങളെയും ചോദ്യം ചെയ്യുന്ന കഥാപാത്രങ്ങൾ

ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുതകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിലൂടെ ആധുനികനോവലിസ്റ്റുകളുടെ പുരോഗമനചിന്തയുടെ ഔന്നിത്യം വെളിപ്പെടുന്നു. കൂടാതെ യഥാർത്ഥത്തിൽ പരിമിതികളില്ലെങ്കിലും ശരീരത്തിലെ ചില അസ്വഭാവിതകൾ കൊണ്ട് വൈകല്യം ആരോപിക്കപ്പെടുന്ന കഥാപാത്രങ്ങളും ഈ കാലത്ത് അവതരിക്കപ്പെട്ടിട്ടുണ്ട്. സാമൂഹികമനോഭാവത്തിന്റെ സാമ്പ്രദായികസ്വഭാവം തന്നെയാണ് ആധുനികനോവലുകളിലെ ഭിന്നശേഷി ആവിഷ്കാരങ്ങളിലും വെളിപ്പെടുന്നത്. മലയാളനോവൽചരിത്രം പരിശോധിച്ചാൽ ഭിന്നശേഷിയുടെ അർത്ഥതലങ്ങളെ സാധൂകരിക്കുന്ന സമൂഹികമാതൃകയെ അടിസ്ഥാനമാക്കിയല്ല മിക്കനോവലുകളിലെയും കഥാപാത്രങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അത് കൊണ്ട് ഭിന്നശേഷി എന്ന പദത്തിന്റെ ആശയവ്യപ്തി നോവലുകളിലൂടെ വിനിമയം ചെയ്യപ്പെടുന്നില്ല മലയാളനോവലുകളിലെ ഭിന്നശേഷി കഥാപാത്രങ്ങൾ ഭിന്നശേഷിയുടെ വൈദ്യശാസ്ത്രമാതൃക, ചാരിറ്റിമാതൃക, എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് നിർമ്മിച്ചിട്ടുള്ളത്. പകർച്ചവ്യാധികളുടെ വ്യപനം (പ്രകൃതിയിലുണ്ടാവുന്ന സ്വഭാവിക ദുരന്തങ്ങൾ) കൊണ്ടും മനുഷ്യനിർമ്മിത ദുരന്തങ്ങൾ കൊണ്ടും ധാരാളം പേർക്ക് ഭിന്നശേഷിത്വമുണ്ടായതായി നോവലുകളിൽ ആവിഷ്കരിക്കുന്നുണ്ട്. ആധുനികകാലത്തെ നോവലുകളിൽ ആവിഷ്കൃതമായിരിക്കുന്ന മനുഷ്യനിർമ്മിത ദുരന്തങ്ങളിലൂടെയുള്ള ഭിന്നശേഷിത്വങ്ങൾ സമൂഹത്തിലെ മനുഷ്യരഹിത മുഖങ്ങളുടെ ഭീദിതചിന്തകളെ ദൃശ്യവൽകരിക്കുന്നു. സമൂഹത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള അശാസ്ത്രീയനിർവചനങ്ങൾ കൊണ്ടും യുക്തിരഹിതമായ തീർപ്പ് കൽപ്പിക്കൽ കൊണ്ടും ശാരീരികമായും ബൗദ്ധികമായും വൈകല്യവൽക്കരിക്കപ്പെട്ട നിരവധി ഭിന്നസശേഷി കഥാപാത്രങ്ങൾ ആദ്യകാലം മുതൽ നോവൽസാഹിത്യത്തിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ പരിമിതികളുടെ തോതനുസരിച്ചുള്ള ചെറിയ ഭിന്നശേഷിത്വം മുതൽ തീവ്രഭിന്നശേഷിത്വം വരെ ഉൾപ്പെട്ടിരിക്കുന്നു.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട മറ്റ് വിഭാഗങ്ങളുടേതുപോലുള്ള ആവിഷ്കരണവ്യപ്തി മലയാളനോവലിൽ ഭിന്നശേഷിക്കാരെ കുറിച്ചു ഉണ്ടായിട്ടില്ല. ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ അടുത്തറിയാനുള്ള സമൂഹത്തിന്റെ വിമുഖതയാണിതിന് കാരണം. എന്നാൽ ആധുനിക ആധുനികാന്തര കാലഘട്ടത്തിലെ നോവലുകളിൽ ഭിന്നശേഷിയുടെ ആവിഷ്കാരം സൂക്ഷ്മതലത്തിൽ നിർവഹിക്കപ്പെട്ടിട്ടുണ്ടെന്ന് മാത്രമല്ല ഭിന്നശേഷിക്കാർ കഥാപാത്രങ്ങളുമായിട്ടുണ്ട് ഭിന്നശേഷിക്കാരെ സമൂഹികധികാരശ്രേണിയുടെ കീഴറ്റത്ത് സ്ഥാനപ്പെടുത്താൻ അവരുടെ ശരീരത്തിൻമേലുള്ള കടന്ന്കയറ്റം, വിവിധതരം അധികാരപ്രയോഗങ്ങൾ,ജീവിതം നിഷേധിക്കൽ തുടങ്ങിയ അവകാശലംഘനങ്ങളുടെ ആവിഷ്കാരം സമൂഹത്തിന്റെ അപരിഷ്കൃതചിന്തകളെ കൂടുതൽ ബലിപ്പിക്കുന്നതിന് കാരണമായി തീരുന്നു. പല നോവലുകളിലും മേൽസൂചിപ്പിച്ച അധികാരപ്രയോഗത്തിന്റെ വേദനിപ്പിക്കുന്ന അടയളങ്ങൾ ദർശിക്കാൻ കഴിയുന്നു ഭിന്നശേഷിക്കാരുടെ ശരീരികബൗദ്ധിക പരിമിതികൾ അവരുടെയോ മാതാപിതാക്കളുടെയോ പൂർവജന്മഫലമാണെന്നും കർമ്മഫ

ലമാണെന്നുമുള്ള അന്തവിശ്വാസം പ്രചരിക്കുന്ന തരത്തിലാണ് ചില നോവലുകളിലെ ഭിന്നശേഷി ആവിഷ്കാരങ്ങൾ നോവലുകളിലെ വിദ്യാസമ്പന്നരായ കഥാപാത്രങ്ങൾ പോലും ഇത്തരം അന്തവിശ്വാസങ്ങൾക്ക് കീഴ്പ്പെടുന്നു. ഇത് സാഹിത്യത്തിലൂടെ സമൂഹത്തിലെ അന്തവിശ്വാസങ്ങളും തെറ്റായ ബോധ്യങ്ങളും പ്രചരിക്കുന്നതിനും അതിലൂടെ സമൂഹത്തിന്റെ അപരിഷ്കൃതമനോഭാവം ബലപ്പെടുന്നതിനും കാരണമാകുന്നു. സമൂഹത്തിൽ നിലനിന്നിരുന്ന സമ്പ്രദായികവിശ്വാസങ്ങളുടെയും മൂല്യങ്ങളുടെയും ആചരങ്ങളുടെയും സ്വാധീനത്തിൽ നിന്നാണ് പല എഴുത്തുകാരും ഭിന്നശേഷികഥാപാത്രങ്ങളെ നിർമ്മിച്ചിട്ടുള്ളത്. ഭിന്നശേഷിക്കാരോടുള്ള സമൂഹികമനോഭാവം പരമ്പരാകതമായ അപരിഷ്കൃതഭാവങ്ങളിൽ നിന്ന് പരിഷ്കൃതചിന്തകളിലെക്ക് ഉയരാനുതകുന്ന തരത്തിലുള്ള ആവിഷ്കാരങ്ങൾ മലയാളനോവലുകളിൽ കുറവാണ് അതേ സമയം ആധുനികാന്തരകാലത്ത് രൂപം കൊണ്ട നോവലുകളിൽ പുരോഗമന ചിന്തയുടെ ചില മാതൃകകൾ ദർശിക്കാൻ കഴിയുന്നു.

ഭിന്നശേഷിക്കാർ 'അലൈംഗീകരാണ്' അമിതലൈംഗീകതയുള്ളവരാണ് എന്ന തരത്തിലുള്ള തെറ്റായ പൊതുബോധം സ്ഥാപിക്കാനുതകുന്ന അടയാളങ്ങളാണ് മലയാളനോവലുകളിൽ കാണാൻ കഴിയുന്നത്. ഇത് ഭിന്നശേഷിക്കാരുടെ വെല്ലുവിളിയായി മാറുന്നു സിദ്ധാന്തങ്ങളുടെയോ തെളിവുകളുടെയോ അടിസ്ഥാനത്തിലല്ല ഇത്തരം ആവിഷ്കരണങ്ങൾ രൂപപ്പെട്ടിട്ടുള്ളത് അതേ സമയം ഭിന്നശേഷിയുള്ളവരുടെ ലൈംഗികവകാശസംരക്ഷണത്തിനുതകുന്ന നോവൽ സന്ദർഭങ്ങളും അപൂർവമായി ഉണ്ടായിട്ടുണ്ട്. ബഹുമുഖഭിന്നശേഷിക്കാരനായ മകന്റെ ലൈംഗികതാൽപര്യസംരക്ഷണത്തിനായി മാതാവ് സ്വന്തം ശരീരം സമർപ്പിക്കുന്നതായുള്ള ആവിഷ്കരം ഒരേ സമയം ഭിന്നശേഷിക്കാരേയും അവരുടെ മാതാപിതാക്കളെയും സമൂഹത്തേയും വളരെയധികം നിരാശപ്പെടുത്തുന്നു പ്രസ്തുത ആവിഷ്കാരം ഭിന്നശേഷികഥാപാത്രത്തെ അപവ്യക്ത്കരിക്കുന്നുവെന്ന് മാത്രമല്ല മാതൃ-പുത്ര ബന്ധത്തിന്റെ സാംസ്കാരിക മൂല്യങ്ങളെ അപകീർത്തിപ്പെടുത്തുകയും ചെയ്യുന്നു. ഭിന്നശേഷിയുള്ളവർ എന്ന പ്രയോഗം ഉൾക്കൊള്ളുന്ന അർത്ഥതലങ്ങളെ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന ഒരു നോവലും മലയാള സാഹിത്യത്തിൽ നിർമ്മിക്കപ്പെട്ടിട്ടില്ല. സമൂഹത്തിന്റെ അധികാരശ്രേണിയിൽ കീഴറ്റത്ത് സ്ഥാനപ്പെട്ട് പോയ അഥവ സമൂഹത്തിൽ കുറ്റരോപിതരാക്കപ്പെട്ട ശരീരിക ബൗദ്ധിക രാഷ്ട്രീയവും സാംസ്കാരിക മൂല്യങ്ങളും സമൂഹത്തിന്റെ പൊതു സംസ്കാരമാക്കി മാറ്റാനുതകുന്ന ആവിഷ്ക്കാരങ്ങളോട് കൂടിയ മലയാളനോവൽ ഇനി നിർമ്മിക്കപ്പെടേണ്ടതാണ്.

1980 ൽ അമേരിക്ക ബ്രിട്ടൺ , കാനഡ അടക്കമുള്ള ഒന്നാം ലോകരാജ്യങ്ങൾ ഭിന്നശേഷി സൗഹൃദ സമൂഹത്തിന്റെ നിർമ്മിതിക്കു വേണ്ടി മുന്നിട്ടിറങ്ങി. UAE സർക്കാരിന്റെ പദ്ധതിയായ People of Determination വരെ അത് എത്തിനിൽക്കുന്നു.

ലോകത്തെ മനസിലാക്കാനുള്ള ഒരു ലെൻസ് ആയാണ് ഭിന്നശേഷി പഠനങ്ങൾ നിലകൊള്ളുന്നത് Lznnard J Devis എഡിറ്റു ചെയ്ത The Disability Studies Reader എന്ന പുസ്തകം 1997 ൽ ആണ് പ്രസിദ്ധീകരിച്ചത്. ഭിന്നശേഷിയുടെ വൈദ്യശാസ്ത്രബന്ധിയായ ലേഖനങ്ങൾക്കാണ് ഈ പുസ്തകത്തിൽ പ്രാധാന്യം ലഭിച്ചത്.

ഭിന്നശേഷിയുടെ സാമൂഹികമാതൃകയും പഠനങ്ങളും വലിയ പരിവർത്തനങ്ങൾക്കാണ് കാഹളമൂതിയത്. കലാ സാഹിത്യാദി സാംസ്കാരിക രൂപങ്ങളിലും പൊതുമണ്ഡലത്തിലും ഭിന്നശേഷിയുടെ സാന്നിധ്യം അന്വേഷിച്ചുതുടങ്ങി. Testimonial എന്ന നിലയിൽ ഭിന്നശേഷി ജീവിതാനുഭവങ്ങൾ പൊതുമണ്ഡലത്തിൽ അടയാളപ്പെടുത്തിയും, തുല്യനീതി സമത്വം തുടങ്ങിയ ആശയങ്ങളോട് ചേർത്ത് പഠിക്കേണ്ടതും ആണെന്ന് ഭിന്നശേഷിപഠനങ്ങൾ ഓർമ്മപ്പെടുത്തി. മനുഷ്യസമൂഹത്തെ കുറിച്ചുള്ള പുതിയ തിരിച്ചറിവുകളിലേക്കാണ് ഈ പഠനങ്ങൾ നയിച്ചത്. ഭിന്നശേഷി സാഹിത്യം എന്ന ജനുസ്സിനെക്കുറിച്ചും ആലോചിച്ചു തുടങ്ങി. 1994 ൽ ഭിന്നശേഷിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർവകലാശാലകളിൽ ലാംഗ്വേജസ് അസോസിയേഷൻ (MLA) ഒരു പഠനശാഖയായി ഭിന്നശേഷി പഠനങ്ങൾ അംഗീകരിച്ചത് 2005 ൽ മാത്രമാണ് പിൽക്കാലത്ത് ഫെമിനിസ്റ്റ് ഡിസെബിലിറ്റി സ്റ്റഡീസ് പോലെ ഭിന്നശേഷി പഠനങ്ങളിൽ വംശ വർഗ ലിംഗഭേദങ്ങളിലേക്ക് വെളിച്ചം വീശുന്ന സൂക്ഷ്മമായ അന്വേഷണങ്ങൾ ധാരാളമുണ്ടായി. മനുഷ്യരുടെ വേദനകളിൽ നിന്നുണ്ടാകുന്നതാണ് സിദ്ധാന്തങ്ങളെന്ന് ബെൽ ഹുക്സ് പറയുന്നതുപോലെ ഭിന്നശേഷിപഠനങ്ങൾ മനുഷ്യസമൂഹത്തിലെ ഏറ്റവും പരിവർത്തനോന്മുഖമായ വിജ്ഞാനശാഖയായി മാറി.

# ഉപസംഹാരം

പാർശ്വവത്കൃതവിഭാഗങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള ഏകസാമൂഹിക നിർമിതിക്കായി ശ്രമിക്കുമ്പോൾ ഭിന്നശേഷിക്കാർ ഏറ്റെടുക്കേണ്ടി വരുന്ന വെല്ലുവിളികൾ പലതാണ്. പാർശ്വവത്കൃത സമൂഹത്തിലെ മുഖ്യവിഭാഗമാണ് ഭിന്നശേഷിക്കാർ വ്യക്തിയുടെ ശരീരത്തിന്റെയും മനസിന്റെയും അവസ്ഥകളെക്കുറിച്ച് സമൂഹം പരമ്പരാഗതമായി സൃഷ്ടിച്ചെടുക്കുന്ന ശേഷതലങ്ങളിലേക്ക് ഉയരുവാൻ കഴിയാത്തവരാണെനന്ന സങ്കൽപ്പത്തിൽ ഭിന്നശേഷിക്കാരുടെ സാമൂഹിക സാംസ്കാരികമൂല്യങ്ങൾ സാമൂഹികാധികാരശ്രേണിയിൽ കീഴറ്റത്താണ് സ്ഥാനപ്പെട്ടിട്ടുള്ളത്. പാർശ്വവൽക്കരണത്തിന്റെ തീവ്രതലമാണിവിടെ പ്രകടമാക്കുന്നത്. സാമൂഹികസമത്വത്തിനുവേണ്ടിയുള്ള സാംസ്കാരികാന്വേഷണങ്ങൾ സൂഷ്മതലത്തിൽ നടക്കുന്ന ആധുനികാനന്തരകാലഘട്ടത്തിൽ ഭിന്നശേഷിക്കാർ, ലൈംഗികന്യൂനപക്ഷങ്ങൾ, സ്ത്രീകൾ, കുട്ടകൾ, അഭയാർത്ഥികൾ തുടങ്ങിയ വിഭാവങ്ങളുടെ പ്രശ്നങ്ങൾ കൂടുതൽ അടുത്തറിയാനും പഠനവിധേയമാക്കാനും കഴിയുന്ന സാമൂഹികസാഹചര്യങ്ങൾ വികാസം പ്രാപിച്ചിട്ടുണ്ടെന്ന് ഈ പ്രബന്ധത്തിൽ നിന്നും മനസിലാക്കാൻ കഴിയുന്നു. ശാരീരികമായ ഭിന്നശേഷിയുള്ളവർ ദൈവീക ശക്തിയുള്ളവരാണെന്ന മിത്ത് ഇവിടെ പ്രചരിക്കപ്പെടുന്നുണ്ട്. മനുഷ്യരെ ദിവ്യരാക്കുന്ന ഈ കുറുക്കുവഴി അപമാനവികരണതന്ത്രമാണ് മനുഷ്യന്റെ രാഷ്ട്രീയ ചരിത്രത്തിൽ നിന്നും അവകാശതുല്യതക്കുള്ള പോരാട്ടത്തിൽ നിന്നും അവരെ പുറത്താക്കുന്ന തന്ത്രമാണിത്. ശേഷി അധീശത്വപരമായ വിവേചനത്തെയും അതിനെതിരായ പോരാട്ടത്തേയും തമസ്കരിക്കാനാണ് ഈ പ്രബന്ധം സഹായമാകുന്നത്. അല്ലാഹു ഉയർത്തുന്ന വെല്ലുവിളിയാണ് ഡിസെബിലിറ്റി എന്നതാണ് ഇസ്ലാമിന്റെ കാഴ്ചപ്പാടെന്ന് ഇതിൽ നിന്നും മനസിലാക്കാം. ഡിസെബിലിറ്റിയെ മനുഷ്യരുടെ കർമ്മഫലമായി കാണുന്നില്ല ഇത്തരം പഠനങ്ങളിൽ ഡിസെബിലിറ്റിയുള്ള വ്യക്തികളെ സഹായിക്കാനും അവരോട് ദയയോടും പെരുമാറാനും ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്. പുരാണത്തിൽ ഡിസബേൾഡ് വ്യക്തികൾ നിഷേധാത്മകമായി ചിത്രീകരിക്കപ്പെടുന്നുണ്ട് ഡിസെബിലിറ്റി എന്നത് ദൈവശാപമാണെന്നു ഇപ്പോഴും ആത്മാർത്ഥമായി വിശ്വസിക്കുന്ന ഭൂരിഭാഗം മനുഷ്യരുടെ ലോകമാണിത്. ഈ വിശ്വസത്തെ ഉറപ്പിച്ചെടുക്കുന്നതിലും നിലനിർത്തുന്നതിലും മതബബോധങ്ങൾക്ക് വലിയ പങ്കുണ്ട്. സമൂഹഘടന സൃഷ്ടിക്കുന്ന തടസങ്ങളാണ് വിവേചനങ്ങളാണ് വ്യക്തികളുടെ ഡിസെബിലിറ്റിക്കു

കാരണമാകുന്നതെന്ന കാഴ്ചപ്പാട് പിൽക്കാലത്ത് പ്രബലമായി. ഭിന്നശേഷി എന്ന പദത്തേക്കാൾ ഡിസെബിലിറ്റി എന്ന പദം രാഷ്ട്രീയവും ചരിത്രപരവുമായ പോരാട്ടത്തിലൂടെ നേടിയെടുത്തു അധികാർത്ഥത്തെ ഉൾവഹിക്കുന്നുണ്ട് അത് വിവേചനത്തെയും ചെറുത്തുനില്പിനെയും കുറിക്കുന്ന രാഷ്ട്രീയ പദങ്ങളിൽ ഒന്നായി മാറികഴിഞ്ഞു. ശാരീരികമോ, മാനസികമോ, ബുദ്ധിപരമോ, സംവേദനപരമോ ആയി വ്യക്തികൾ നേരിടുന്ന തടസ്സങ്ങളെ അവരുടെ കുറവായി കാണുന്ന വൈദ്യശാസ്ത്ര സമീപനമാണ് ഇത്തരം പഠനങ്ങളിൽ നയിക്കുന്നത്.

ഭിന്നശേഷിയുടെ സാംസ്കാരികഘടകവിനിമയം കഥാപാത്ര നിർമ്മിതിയിലൂടെയും ആഖ്യാനസവിശേഷതകളിലൂടെയും എത്രത്തോളം സാധ്യമാകുന്നുവെന്ന അന്വേഷണമാണ് ഈ പഠനത്തിന്റെ മുഖ്യമായ കാതൽ എന്നു പറയുന്നത് സമൂഹത്തിലെ ഭിന്നശേഷിക്കാർ അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങളും കാഴ്ചവെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങളും അതുപോലെ തന്നെ മലയാളത്തിൽ സജീവവും സൂഷ്മവുമായി ഇനിയും നടക്കാനിരിക്കുന്ന പഠനങ്ങൾക്ക് മാർഗദർനകമാണ് ഈ പഠനം. ഭിന്നശേഷികഥപാത്രങ്ങളെ അവതരിപ്പിക്കുന്നതിലൂടെ വിനിമയം ചെയ്യപ്പെടുന്ന തുല്ല്യബോധവും സാംസ്കാരിക വിനിമയവ്യാപ്തിയും ഇതിലൂടെ തിരിച്ചറിയാൻ സാധിക്കുന്നു. സ്വന്തം കഴിവുകളെ പരമാവധി ഉപയോഗിച്ചും മറ്റുള്ളവരുടെ സഹായം തേടിയും സ്വയംമുന്നേറാൻ ഭിന്നശേഷികഥാപാത്രങ്ങൾക്ക് കഴിയുന്നു. വ്യക്തികളെന്ന നിലയിൽ മറ്റുള്ളവരെപ്പോലെ ജീവിക്കുന്നതിനും ചിന്തിക്കുന്നതിനും സാംസ്കാരികമായ ഉൾച്ചേരലിലൂടെ ചിന്താശേഷിയുടെ വ്യാപനം സാധ്യമാക്കുന്നതിനും പര്യാപ്തമായ വിധത്തിൽ സമൂഹത്തിന്റെ പൊതുബോധം ഉണർന്നു തുടങ്ങിയിട്ടുണ്ട്. മനുഷ്യർക്കിടയിലെ വേർതിരിവുകൾ പല കാലങ്ങളിലും രാഷ്ട്രവികസനത്തിനു തടസ്സമായിട്ടുണ്ട്. ഓരോ വ്യക്തിയുടെയും ചിന്താപരിസരം വികസിപ്പിക്കുക, ബൗദ്ധികോന്നതി ഉറപ്പാക്കുക, പുതിയ ആശയങ്ങൾ ഉത്പാദിപ്പിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക തുടങ്ങിയ വിഷയങ്ങളിൽ നാം വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. ആധുനികാനന്തര കാലഘട്ടത്തിൽ വിവിധങ്ങളായ പരിമിതികളുള്ളവരെ ഭിന്നശേഷിയുള്ളവർ എന്ന് സംബോധന ചെയ്യുന്നത് യുക്തിസഹമാണ് വ്യത്യസ്തയാർന്ന കഴിവുള്ളവർ എന്ന അർത്ഥത്തിലാണ് ഈ പദം പ്രയോഗിക്കുന്നത് എന്നാൽ ഭിന്നശേഷി എന്ന പദത്തിന്റെ അർത്ഥവ്യാപ്തി പൂർണ്ണമായി നമ്മുടെ സമൂഹത്തിൽ വിനിമയം ചെയ്യപ്പെട്ടിട്ടില്ല. ഇത്തരക്കാരുടെ പരിമിതികളെ മാത്രം കാണുകയും അതിലൂടെ സംബോധന നടത്തുകയും ചെയ്യുന്നതിനപ്പുറം അവരുടെ വ്യത്യസ്തയാർന്ന ശേഷികളെ പ്രോൽസാഹിപ്പിക്കുന്ന തരത്തിലുള്ള പദപ്രയോഗങ്ങളും ഇടപെടലുകളും നടത്തുകയെന്ന പുതുദർശനം വ്യാപിക്കേണ്ടതുണ്ട് ഇത്തരം ഗുണപരമായ സമീപനങ്ങളിലൂടെ ഭിന്നശേഷിക്കാരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ

സാധിക്കുമെന്നാണ് ഇതുമായി ബന്ധപ്പെട്ട പഠനങ്ങളും അനുഭവങ്ങളും തെളിയിക്കുന്നത്. ഭിന്നശേഷിയുമായി ബന്ധപ്പെട്ട സൈദ്ധാന്തിക തലങ്ങളെക്കുറിച്ചുള്ള പഠനമാണ് നടുത്തുന്നത് ഇന്നത്തെ സമൂഹത്തിൽ അംഗപരിമിതർ അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ നിരവധി ആണ്. കേവലം ഒരു മനുഷ്യജന്മം ആണെന്ന പോലും പരിഗണനനൽകാതെ അവരെ ചൂഷണം ചെയ്യുന്ന സമൂഹത്തിനുള്ളിൽ ആണ് നാം ഇന്നു ജീവിക്കുന്നത്. അത്തരത്തിലുള്ള ചുഷണങ്ങൾക്കെതിരെയുള്ള ഒരു സമഗ്രപഠനമെന്നനിലയിൽ ഈ പഠനം ഏറെ പ്രാധാന്യമർഹിക്കുന്നു.

# ഗ്രന്ഥസൂചി


ഉണ്ണി , ആമപ്പാറയ്ക്കൽ. 2012 , *അധികാരത്തിന്റെ ഭാഷവഴക്കങ്ങൾ*, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

ഉഷാ നമ്പൂതിരിപ്പാട്. 1994, *സാമൂഹികഭാഷവിജ്ഞാനം*, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട് , തിരുവനന്തപുരം.

കുമാർ, ജെ, ഡോ. 2024, *ഭിന്നശേഷിയുടെ അടയാളങ്ങൾ നോവലിൽ*, മഹാരാജാസ് കോളേജ്, എറണാകുളം.

ഗിരീഷ്, പി, എം. 2001, *അധികാരവും ഭാഷയും*, ഐ ബുക്സ് കേരള, കോഴിക്കോട്.

പത്മനാഭപിള്ള, ശ്രീകണ്ഠേശ്വരം. ജി. 2016, *ശബ്താരവലി*, നാഷണൽ ബുക്സ്റ്റാൾ, വേലറ.

രവിചന്ദ്രൻ, കെ, പി, ഡോ. 2023, *ഡിസെബിലിറ്റി പ്രതിനിധാനം വ്യവഹാരം*, ഐ ബുക്സ്, കേരള.

രജനി, സുബോധ്. 2017, *ഭാഷവൈകല്യങ്ങളും പരിഹാരമാർഗ്ഗങ്ങളും*, തുഞ്ചൻ സ്മാരക, ഗവേഷക കേന്ദ്രം, തിരൂർ.

സ്മിത, നായർ, കെ. 2016, *ശിശുഭാഷ സംവേദനവൈകല്യങ്ങൾ*, ലിപി പബ്ലക്കേഷൻസ്, കോഴിക്കോട്.

Crustal Davil. 1999, *The Grammatical Analysis Language Disability Singular*, Pub Group, Londan.